# പാരീഷ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി　　　മാർച്ച് 2024



# അയ്യരുകുളങ്ങര ഗ്രൂപ്പ്

സ്നേഹ സ്മരണയ്ക്ക്



**ജോസഫ് തോമസ്**
[14.03.2010]

**അന്നമ്മ ജോസഫ്**
[26.08.2019]

## അയ്യരുകുളങ്ങര

അങ്ങാടി, ചങ്ങനാശേരി


**അയ്യരുകുളങ്ങര**
എന്റർപ്രൈസസ്
THOMSON MATTRESSES
മാർക്കറ്റ് റോഡ്, കവല
0481 2420434, 9495190669

**അയ്യരുകുളങ്ങര**
ഹൗസ്ഹോൾഡ് സെന്റർ
ഗൃഹോപകരണങ്ങളുടെ സൂപ്പർമാർക്കറ്റ്
മാർക്കറ്റ് റോഡ്, കവല, ചങ്ങനാശേരി
0481 2400434, 9447742463

മാറ്റ് & കാർപ്പറ്റിന് മാത്രമായി ഒരു ഷോറൂം.
ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള
കാർപ്പറ്റുകൾ ഒരു കുടകീഴിൽ
**അയ്യരുകുളങ്ങര**
Opp. S.M. Textiles
മാർക്കറ്റ് റോഡ്, കവല, ചങ്ങനാശേരി
9447742463

AYYARUKULANGARA
- BUILDERS -
ARCHITECTURE CONSTRUCTION INTERIORS

പത്രപരസ്യങ്ങൾ കമ്പനി നിരക്കിൽ
**Ad-HIT** Communications
Opp. K.S.R.T.C, Kavala 0481 2424534, 9447732185
ചങ്ങനാശേരിയിലെ അംഗീകൃത പരസ്യ ഏജൻസി

പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

## താളുകൾ മറിക്കുമ്പോൾ


മുഖമൊഴി  05

06  ഇടയസന്ദേശം

വികാരിയച്ചന്റെ സന്ദേശം  12

15  ഇന്ത്യൻ ജനാധിപത്യത്തിലെ ക്രൈസ്തവ ഭാഗധേയത്വം

ഉയിർപ്പു തിരുനാളും ഞായറാഴ്ച ആചരണവും  19

27  ഇടവക വാർത്തകൾ



മാർച്ച് 2024
ലക്കം 2
വാല്യം 9

*മാനേജിംഗ് എഡിറ്റർ:*
**വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*ചീഫ് എഡിറ്റർ:*
**റവ. ഫാ. മാത്യു (ജെറിൻ) കാവനാട്ട്**
9446587532

*എക്സി. എഡിറ്റേഴ്സ്:*
**റവ. ഫാ. ആന്റണി (ലിപിൻ) തുണ്ടുകളം**
9645607825
**റവ. ഫാ. വർഗീസ് (ടോജോ) പുളിക്കപ്പടവിൽ**
9074728504

*കൈക്കാരന്മാർ:*
**ബാബു കളീക്കൽ**
**ജോസഫ് എ.ജെ. ആലഞ്ചേരി**
**ടോമിച്ചൻ അയ്യരുകുളങ്ങര**

*കമ്മറ്റിയംഗങ്ങൾ:*
**വിന്നി ജോർജ്ജ് കല്ലൂക്കളം**
**സൈബി അക്കര**
**സി. മരിയ SABS**
**ജോമി കാവാലംപുതുപ്പറമ്പിൽ**
**ജിജി മുളയ്ക്കൽ**
**നവീൻ വെട്ടുവഴി**
**എബിൻ ആറുപറയിൽ**
**മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ**
**സജി ഇളംകുളം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**സോണി കരിമറ്റം**

Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com


THANKS
WELCOME
അസിസ്റ്റന്റ് വികാരിയായി
സ്തുത്യർഹമായ സേവനമനുഷ്ഠിച്ച
ബഹു. സേവ്യർ പുത്തൻപുരച്ചിറ
തൈക്കളം അച്ചന് നന്ദി...
അസിസ്റ്റന്റ് വികാരിയായി
സ്ഥാനമേറ്റ
ബഹു. മാത്യു കാവനാട്ടച്ചന്
ഹൃദ്യമായ സ്വാഗതം...
യുവദീപ്തി-എസ്.എം.വൈ.എം.
ചങ്ങനാശേരി അതിരൂപതാ അസിസ്റ്റന്റ്
ഡയറക്ടറായി നിയമിതനായ
ബഹു. വർഗീസ് പുളിക്കപ്പടവിൽ അച്ചന്
അഭിനന്ദനങ്ങൾ...




# മുഖമൊഴി

ഈശോയിൽ ഏറെ സ്നേഹം നിറഞ്ഞവരേ,

ഈശോയുടെ പീഡാസഹനവും മരണവും നമ്മെ പഠിപ്പിക്കുന്ന ഒരു പാഠമുണ്ട്. ജീവിതത്തിൽ സഹനത്തിനപ്പുറം ഒരു ഉത്ഥാനം ഉണ്ടെന്ന സത്യം. സുവിശേഷത്തിൽ തന്റെ പീഡാസഹന മരണത്തെക്കുറിച്ചുള്ള പ്രവചനങ്ങളിൽ ഈശോ അവസാനം പറഞ്ഞുവെക്കുന്നതും മനുഷ്യ പുത്രൻ ഉയിർക്കുമെന്ന യാഥാർത്ഥ്യമാണ്.

ഉയിർപ്പിന്റെ കാലഘട്ടത്തെ ധ്യാനിക്കുമ്പോൾ പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളെ പ്രതീക്ഷയുടെ കണ്ണോടുകൂടി നോക്കിക്കാണാൻ ഉത്ഥിതനായ ഈശോ നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഇനി രണ്ടു മാസക്കാലം കുട്ടികൾക്ക് അവധിയുടെയും ആഘോഷ ത്തിന്റെയും കാലഘട്ടമാണ്. എന്നാൽ പല മാതാപിതാക്കന്മാർക്കും ഇത് ഒരു ആധിയുടെ കാലഘട്ടവുമാണ്. അവധിയായി വീട്ടിൽ നിൽക്കുന്ന മക്കളെക്കുറിച്ചുള്ള ആധി. 10 ദിവസം നീണ്ടുനിൽക്കുന്ന വിശ്വാസോത്സ വവും വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സമ്മർ ക്യാമ്പും ഇത്തരത്തിൽ മാതാപിതാക്കന്മാരുടെ ആകുലത കുറയ്ക്കുന്ന പ്രോഗ്രാമുകളാണ്. എന്നാൽ പരീക്ഷ കഴിയുമ്പോഴേക്കും അടിച്ചുപൊ ളിക്കുവാൻ മക്കളെയും കൂട്ടി വിദേശത്തേക്കും മറ്റു നാടുകളിലേക്കും ഉല്ലസിക്കുവാൻ ചിലർ തിരഞ്ഞെടുക്കുന്നത് വിശ്വാസോത്സവ സമയ മാണ്. ഇത്തരത്തിൽ സഭ സംവിധാനം ചെയ്യുന്ന പ്രോഗ്രാമുകൾ ചില കൂട്ടർ വേണ്ടെന്നുവയ്ക്കുന്നത് കുട്ടികളുടെ വിശ്വാസ സംബന്ധിയായ കാര്യങ്ങളെക്കുറിച്ചുള്ള ജാഗ്രതക്കുറവുമൂലമാണ്. വിശ്വാസത്തിൽ അ ടിയുറച്ച ഒരു ജീവിതം കാഴ്ചവയ്ക്കണമെങ്കിൽ സഭയോടും ഇടവക യോടും ചേർന്നുനിന്നാലേ കഴിയൂ.

എത്രത്തോളം ദൈവിക കാര്യങ്ങളിൽ തൽപരരാകുന്നു എന്ന തിനെ അടിസ്ഥാനമാക്കിയാണ് ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രകടമാക്കുന്നത്. ഏതു കാര്യത്തിനുവേണ്ടിയും ആദ്യം മാറ്റിവയ്ക്കുക ആത്മീയകാര്യങ്ങളാണെങ്കിൽ അത് നമ്മുടെ ദൈവസ്നേഹത്തിന്റെ കുറവാണ്.

സഭയുടെ കാര്യത്തിൽ, ഇടവകയുടെ കാര്യത്തിൽ ഒന്നിനും എക്സ്ക്യൂസ് പറയാതെ കൂട്ടായ്മയിൽ മുന്നോട്ടുപോകുവാൻ നമുക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

നിങ്ങളുടെ സ്വന്തം,

**ജെറിനച്ചൻ,** ചീഫ് എഡിറ്റർ

സന്ദേശം



# വിശ്വാസപ്രമാണത്തിലെ 'പിതാവിൽനിന്നും-പുത്രനിൽനിന്നും-പുറപ്പെടുന്ന' എന്നതിനെക്കുറിച്ച്

ഈശോയിൽ പ്രിയപ്പെട്ട സഹോദരങ്ങളേ,

സീറോമലബാർസഭയുടെ കുർബാനക്രമത്തിൽ ചേർത്തിരിക്കുന്ന വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത് ഇപ്രകാരമാണ്: 'പിതാവിൽനിന്നും-പുത്രനിൽനിന്നും -പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. 'പുത്രനിൽനിന്നും' എന്ന പദത്തിന്റെ ആരംഭത്തിലും അവസാനവും 'ഹൈഫൻ'(-) ചേർത്ത് അൽപം വേർതിരിച്ചാണ് നൽകിയിരിക്കുന്നത്. വിശ്വാസപ്രമാണം ഏറ്റുപറയുമ്പോൾ 'പുത്രനിൽനിന്നും' എന്നത് ചൊല്ലുകയോ ചൊല്ലാതിരിക്കുകയോ ചെയ്യാം എന്നാണതിന്റെ സൂചന. അതായത് ഈ പദം ഐച്ഛികമാണ്. ഈ ഐച്ഛികം ഉപയോഗിക്കുന്നതിനെക്കുറിച്ച് സോഷ്യൽമീഡിയയിൽ ചില ചർച്ചകൾ നടക്കുന്നതായി അറിയുന്നു. ചില തെറ്റായവ്യാഖ്യാനങ്ങളും പ്രസ്താവനകളും ഇതുസംബന്ധിച്ച് ഉണ്ടാകുന്നുണ്ട്. പലരെയും അത് ചിന്താക്കുഴപ്പത്തിലാക്കുന്നു. ഈ പദപ്രയോഗത്തിന്റെ പിന്നിലെ സത്യാവസ്ഥ എന്തെന്ന് അറിയാത്തതുകൊണ്ടാണ് ഇതുസംഭവിക്കുന്നത്. അതിനാൽ ചില കാര്യങ്ങൾ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

**കുർബാനക്രമത്തിൽ ചേർത്തിരിക്കുന്ന വിശ്വാസപ്രമാണം ഏത്?**

ശ്ലീഹന്മാരിലൂടെ കൈമാറിക്കിട്ടിയതാണ് സഭയുടെ വിശ്വാസ രഹസ്യങ്ങൾ. ദൈവികവെളിപാടാണ് അവയുടെ ഉറവിടം. ദൈവ നിവേശിതങ്ങളായി സഭ അംഗീകരിച്ചിരിക്കുന്ന വിശുദ്ധലിഖിതങ്ങ ളുംസഭയുടെ വിശുദ്ധപാരമ്പര്യവുമാണ് വിശ്വാസരഹസ്യങ്ങളുടെ കലവറ. ഈ വിശ്വാസസത്യങ്ങൾ ആദിമസഭയിൽ കൈമാറപ്പെട്ടത് വിശുദ്ധലിഖിതങ്ങളിലൂടെയും ആരാധനക്രമത്തിലൂടെയും ശ്ലീഹന്മാ രുടെയുംഅവരുടെ പിൻഗാമികളുടെയും ജീവിതവും പ്രബോധന ങ്ങളുംവഴിയുമാണ്. ഈ വിശ്വാസരഹസ്യങ്ങൾ ഭാവിതലമുറയ്ക്കു വേണ്ടി അഭംഗുരം സംരക്ഷിക്കപ്പെടുന്നതിനും അവയുടെ സാരാംശം സഭയിലെല്ലായിടത്തും ഒരേപോലെ പ്രഘോഷിക്കപ്പെടുന്നതിനും അബദ്ധപഠനങ്ങളെ അപലപിക്കുന്നതിനുമായി സഭയിലെ പിതാ ക്കന്മാർ എ.ഡി. 325 ൽ നിഖ്യാ എന്നസ്ഥലത്ത് ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. പരിശുദ്ധത്രിത്വത്തിലെ രണ്ടാമാളായ പുത്രനായ ദൈവം ദൈവത്വത്തിൽ പിതാവായ ദൈവത്തിന് സമനല്ലെന്നും പിതാവി നോടുകൂടെ ഏകസത്തയല്ലെന്നും പിതാവിനൊപ്പം നിത്യനല്ലെ ന്നും ആരിയൂസ് എന്ന അലക്സാണ്ട്രിയൻ വൈദികൻ പഠിപ്പിച്ചു. അതായത്, പുത്രനായ മ്ശിഹാ പൂർണദൈവമല്ലെന്നുള്ള അബദ്ധ പഠനമാണ് അദ്ദേഹം പ്രചരിപ്പിച്ചത്. ഇതാണ് ആര്യൻ പാഷണ്ഡത. ഇതിനെതിരെ സത്യവിശ്വാസം പഠിപ്പിക്കുകയും പുത്രന്റെ പൂർണ ദൈവത്വം പ്രഖ്യാപിക്കുകയുമായിരുന്നു നിഖ്യാസൂനഹദോസിന്റെ മുഖ്യലക്ഷ്യം. ഇതാണ് തിരുസഭയിലെ ആദ്യത്തെ സാർവത്രിക സൂനഹദോസായി അംഗീകരിക്കപ്പെട്ടിരിക്കുന്ന നിഖ്യാസൂനഹദോസ്. ഈ സൂനഹദോസിൽവച്ച് സഭയിലെങ്ങും സ്വീകരിച്ചേറ്റുപറയേണ്ട വിശ്വാസരഹസ്യങ്ങൾ നിശ്ചയിക്കപ്പെട്ടു. അതാണ് നിഖ്യാവിശ്വാസ പ്രമാണം.

പരിശുദ്ധത്രിത്വത്തിലെ രണ്ടാമാളായ പുത്രനെക്കുറിച്ച് നിഖ്യാ വിശ്വാസപ്രമാണത്തിൽ ചേർത്തിരിക്കുന്നത്, **"........പിതാവിൽനിന്ന് ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും...... സത്യദൈവ ത്തിൽനിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏകസത്ത യുമാകുന്നു........"** എന്നാണ്.

റൂഹാദ്ക്കുദ്ശായുടെ ഉത്ഭവത്തെക്കുറിച്ച് പ്രത്യേകിച്ചൊന്നും പറയാതെ **'പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു'** എന്നുമാത്രമാണ് 325 ലെ നിഖ്യാവിശ്വാസപ്രമാണത്തിൽ ചേർത്തിരിക്കുന്നത്. സഭയിലെ രണ്ടാമത്തെ സാർവത്രികസൂനഹദോസ് 381 ൽ കോൺസ്റ്റാന്റിനോപ്പി ളിൽ സമ്മേളിച്ചു. ഈ സൂനഹദോസിൽ റൂഹാദ്ക്കുദ്ശായെക്കുറിച്ച് നിഖ്യാസൂനഹദോസ് പറഞ്ഞതിനെ പരിഷ്കരിച്ച് **'പിതാവിൽനിന്ന്**

**പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു'** എന്നാക്കി. 'മാസിഡോണിസം' എന്ന അബദ്ധപഠനത്തിനെതിരായിട്ടാണ് ഈ മാറ്റം വരുത്തിയത്. പിതാവിനുതാഴെയാണ് പുത്രനെന്നും പിതാവിനും പുത്രനും താഴെയാണ് പരിശുദ്ധാത്മാവെന്നുമുള്ള അബദ്ധപഠനമാണ് മാസിഡോണിസം; അതായത് പരിശുദ്ധാത്മാവും പൂർണദൈവമല്ലെന്നുള്ളത്.

ഇപ്രകാരം നിഖ്യാ (എ.ഡി. 325), കോൺസ്റ്റാന്റിനോപ്പിൾ (എ.ഡി. 381) എന്നീ രണ്ട് സാർവത്രികസൂനഹദോസുകളിലായി നിർണയിക്കപ്പെട്ട വിശ്വാസപ്രമാണം എല്ലാ സഭകളും അംഗീകരിച്ച് സ്വീകരിച്ചുപോന്നു. അതിനാൽ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം എന്നും ഇതറിയപ്പെടുന്നു.

### വിശ്വാസപ്രമാണത്തിൽ വരുത്തിയ മാറ്റം (പിതാവിൽനിന്നും പുത്രനിൽനിന്നും)

സഭയിൽ സാർവത്രികമായി അംഗീകരിക്കപ്പെട്ടിരുന്ന മേൽപറഞ്ഞ വിശ്വാസപ്രമാണത്തിൽ പിന്നീട് ഒരു മാറ്റം സംഭവിച്ചു. അതായത്, 'പിതാവിൽനിന്ന് പുറപ്പെടുന്ന' എന്നതിനുപകരം 'പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന.......... പരിശുദ്ധാത്മാവിലും' എന്നൊരു മാറ്റം. അഞ്ചാംനൂറ്റാണ്ടിനുശേഷം സ്പെയിനിലെയും ജർമനിയിലെയുംലത്തീൻസഭയിലെ ചില പ്രാദേശികസൂനഹദോസുകളാണ് ഈ മാറ്റം വരുത്തിയത്. 589 ൽ സ്പെയിനിലെ ടൊളേദോയിൽ ചേർന്ന സൂനഹദോസാണ് ആദ്യമായി നിഖ്യാവിശ്വാസപ്രമാണത്തിൽ ഇങ്ങനെയൊരു കൂട്ടിച്ചേർക്കൽ നടത്തിയത്.

എക്യുമെനിക്കൽ കൗൺസിലുകൾ അംഗീകരിക്കുകയും തിരുസഭയിലെങ്ങും സ്വീകരിക്കപ്പെടുകയും ചെയ്ത വിശ്വാസപ്രമാണത്തിൽ, പൗരസ്ത്യസഭകളോട് ആലോചിക്കാതെ ലത്തീൻസഭ ഏകപക്ഷീയമായി വരുത്തിയ മാറ്റം തികച്ചും അനുചിതമായിപ്പോയി എന്ന വിമർശനങ്ങളുണ്ടായി. ഈ വിവാദം ദീർഘകാലം നിലനിന്നു. പൗരസ്ത്യസഭ ഈ കൂട്ടിച്ചേർക്കൽ അംഗീകരിച്ചിരുന്നില്ല. പുത്രന്റെയും റൂഹാദ്ക്കുദ്ശായുടെയും ഉറവിടം ഒന്നുതന്നെയാണെന്നും അത് പിതാവാണെന്നുമാണ് പൗരസ്ത്യസഭകളുടെ നിലപാട്. 'പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്' എന്നു പറയുമ്പോൾ പരിശുദ്ധാത്മാവ് രണ്ട് ഉറവിടങ്ങളിൽനിന്ന് പുറപ്പെടുന്നുയെന്ന പ്രതീതിയാണുണ്ടാകുന്നത്.

'പുത്രനിൽനിന്നും' എന്ന് കൂട്ടിച്ചേർത്തതിനെ സൈദ്ധാന്തികമായി മാർപാപ്പാമാർ അംഗീകരിച്ചെങ്കിലും, നിഖ്യാ-കോൺസ്റ്റാൻറിനോപ്പിൾ വിശ്വാസപ്രമാണത്തിൽ അത് എഴുതിച്ചേർക്കുന്നതിനോട് പൊതുവേ അനുകൂലമല്ലായിരുന്നു. എങ്കിലും പല സമ്മർദങ്ങളുടെയും ഫലമായി



ഈ കൂട്ടിച്ചേർക്കൽ ലത്തീൻസഭയിൽ ക്രമേണ അംഗീകരിക്കപ്പെട്ടു. പിന്നീട് പൗരസ്ത്യസഭകളിലും ഈ കൂട്ടിച്ചേർക്കൽ നിർബന്ധിതമാക്കി.

പതിനഞ്ചാം നൂറ്റാണ്ടിൽ ഫ്ളോറൻസ് സൂനഹദോസിൽ (1438-1445) ലത്തീൻസഭയും പൗരസ്ത്യഗ്രീക്കുസഭയും തമ്മിൽ വിവാദവിഷയം സംബന്ധിച്ച് ഒരു ധാരണയുണ്ടായി. അതായത്, 'പുത്രനിലൂടെ' പുറപ്പെടുന്ന പരിശുദ്ധാത്മാവിലും എന്ന ഗ്രീക്കുസഭാനിലപാടും 'പുത്രനിൽനിന്നും' പുറപ്പെടുന്ന പരിശുദ്ധാത്മാവിലും എന്ന ലത്തീൻനിലപാടും സത്താപരമായി ഒരേ അർത്ഥംതന്നെ ദ്യോതിപ്പിക്കുന്നു എന്നതായിരുന്നു പരസ്പരധാരണ. ഈ ധാരണപത്രം ഇരുസഭകളും അംഗീകരിച്ച് ഒപ്പിട്ടെങ്കിലും, പിന്നീട് ഗ്രീക്കുസഭകൾ അതിൽനിന്ന് പിൻവാങ്ങി.

പൗരസ്ത്യസുറിയാനിപാരമ്പര്യത്തിൽ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിന്റെ പുരാതനരൂപം (പുത്രനിൽനിന്നും എന്ന കൂട്ടിച്ചേർക്കലില്ലാതെ) ആണ് ഉപയോഗിച്ചുപോന്നിരുന്നത്. എന്നാൽ 16-ാം നൂറ്റാണ്ടിൽ കൽദായസുറിയാനിസഭയിലും ലത്തീൻസഭയിലേതുപോലെ മാറ്റം വരുത്താൻ നിർബന്ധിക്കപ്പെട്ടു. അതിന്റെ തുടർച്ചയെന്നോണം മറ്റു സമ്മർദങ്ങൾമൂലവും കേരളത്തിലെ മാർതോമാനസ്രാണിസഭയിലും 'പുത്രനിൽനിന്നും' എന്ന കൂട്ടിച്ചേർക്കൽ പ്രയോഗത്തിലായി തുടങ്ങിയിരിക്കണം. 1599 ലെ ഉദയംപേരൂർ സൂനഹദോസിനുശേഷം അത് ഉറപ്പുവരുത്തുകയും ചെയ്തു.

> "
> എക്യുമെനിക്കൽ കൗൺസിലുകൾ അംഗീകരിക്കുകയും തിരുസഭയിലെങ്ങും സ്വീകരിക്കപ്പെടുകയും ചെയ്ത വിശ്വാസപ്രമാണത്തിൽ, പൗരസ്ത്യസഭകളോട് ആലോചിക്കാതെ ലത്തീൻസഭ ഏകപക്ഷീയമായി വരുത്തിയ മാറ്റം തികച്ചും അനുചിതമായിപ്പോയി എന്ന വിമർശനങ്ങളുണ്ടായി. ഈ വിവാദം ദീർഘകാലം നിലനിന്നു. പൗരസ്ത്യസഭ ഈ കൂട്ടിച്ചേർക്കൽ അംഗീകരിച്ചിരുന്നില്ല. പുത്രന്റെയും റൂഹാദ്ക്കുദ്ശായുടെയും ഉറവിടം ഒന്നുതന്നെയാണെന്നും അത് പിതാവാണെന്നുമാണ് പൗരസ്ത്യസഭകളുടെ നിലപാട്. 'പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്' എന്നു പറയുമ്പോൾ പരിശുദ്ധാത്മാവ് രണ്ട് ഉറവിടങ്ങളിൽനിന്ന് പുറപ്പെടുന്നുയെന്ന പ്രതീതിയാണുണ്ടാകുന്നത്.

മൂന്നുനൂറ്റാണ്ടോളം ദീർഘിച്ച ലത്തീൻഭരണത്തിൻകീഴിൽ സീറോമലബാർസഭ വളരെയേറെ ലത്തീനീകരിക്കപ്പെട്ടു. പൗരസ്ത്യസുറിയാനിറീത്തിന്റെ തനിമയും വ്യക്തിത്വവും വീണ്ടെടുക്കുകയെന്നത് ഇവിടത്തെ വിശ്വാസികളുടെ ആഗ്രഹവും പരിശുദ്ധസിംഹാസനത്തിന്റെ നിശ്ചയവുമായിരുന്നു. പൗരസ്ത്യസഭകൾ സ്വന്തം പാരമ്പര്യങ്ങളിൽനിന്ന് വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ പഴയതിലേയ്ക്ക് തിരിച്ചു വരേണ്ട

താണെന്ന് രണ്ടാം വത്തിക്കാൻകൗൺസിൽ വ്യക്തമായി പഠിപ്പിക്കുകയും ചെയ്തു.

ഈ പശ്ചാത്തലത്തിൽ സീറോമലബാർസഭയുടെ ആരാധനക്രമ പരിഷ്കരണത്തിന്റെ ഭാഗമായി പുനരുദ്ധരിക്കപ്പെട്ട കുർബാനക്രമത്തിൽ ചേർത്തിരിക്കുന്ന വിശ്വാസപ്രമാണത്തിൽ 'പുത്രനിൽനിന്നും' എന്നത് ഐച്ഛികമാണ്. വത്തിക്കാൻ കൗൺസിലിന് മുമ്പുതന്നെ ഇങ്ങനെയൊരു മാർഗനിർദേശം റോമിൽനിന്ന് നൽകിയിട്ടുള്ളതാണ്. ഇതേക്കുറിച്ച് 1959 ൽ പൗരസ്ത്യസഭാകാര്യാലയത്തിൽനിന്ന് സീറോമലബാർസഭയ്ക്കായി പ്രസിദ്ധീകരിച്ച 'കൂദാശയുടെ ആഘോഷക്രമം' *(Ordo)* എന്ന അനുഷ്ഠാനവിധിയിൽ നിർദേശിച്ചിരിക്കുന്നത് ഇപ്രകാരമാണ്:

> **''സ്ഥലത്തെ മെത്രാന്റെ തീരുമാനപ്രകാരം 'പുത്രനിൽനിന്നും' *(Filioque)* എന്നത് ചൊല്ലുകയോ ഒഴിവാക്കുകയോ ചെയ്യാം.'' (ലത്തീൻഭാഷയിൽനിന്നുള്ള മലയാളവിവർത്തനം, no. 29).**

ഒരു ഒത്തുതീർപ്പുപരിഹാരം എന്നനിലയിലാണ് പൗരസ്ത്യസഭാകാര്യാലയം ഇപ്രകാരമൊരു മാർഗനിർദേശം നൽകിയിരിക്കുന്നത്. അതായത്, വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിലുള്ള വിശ്വാസം ഏറ്റുപറയുന്നതുസംബന്ധിച്ച് തിരുസഭയിൽ സാർവത്രികമായി അംഗീകരിക്കപ്പെട്ടിരുന്ന പുരാതനരീതിയിൽനിന്ന് പിന്നീട് പാശ്ചാത്യസഭയിൽ ഒരു മാറ്റം വരുത്തുകയും പല പൗരസ്ത്യസഭകളും അത് സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്തു. ദീർഘകാലം ലത്തീൻഭരണത്തിൻകീഴിൽ കഴിയേണ്ടിവന്ന മാർതോമാനസ്രാണിസഭയും അതിന് വിധേയപ്പെടേണ്ടിവന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ, സീറോമലബാർസഭയിൽ ഈ വിഷയത്തിൽ രണ്ട് ആശയഗതികൾ ഉടലെടുക്കാൻ ഈ സ്ഥിതിവിശേഷമിടയാക്കി. ഇതിന്റെ പേരിൽ സഭയിൽ അനൈക്യവും ഭിന്നതയും വളർന്ന് അച്ചടക്കരാഹിത്യം സംജാതമാകാതിരിക്കാൻ, ലത്തീൻരീതിയിൽ വേണമെന്നാഗ്രഹിക്കുന്നവർക്ക് അതിനുള്ള സാധ്യതയും അംഗീകരിക്കുന്നതാണ് മേൽപറഞ്ഞ ഒത്തുതീർപ്പുഫോർമുല. അത് നിശ്ചയിക്കാനുള്ള അധികാരം രൂപതാദ്ധ്യക്ഷനിൽ നിക്ഷിപ്തമാക്കുകയും ചെയ്തിരിക്കുന്നു.

**പരിശുദ്ധ കുർബാനയർപ്പണത്തിൽ അൾത്താരാഭിമുഖം (കിഴക്കിനഭിമുഖം) ജനാഭിമുഖം എന്നീ വ്യത്യസ്തനിലപാടുകളുടെ പേരിലുണ്ടായ ഭിന്നത പരിഹരിച്ച് ഐക്യവും സമാധാനവും സംജാതമാകാൻ സിനഡ് അംഗീകരിച്ച ഐക്യഫോർമുലയ്ക്ക് സമാനമായ ഒന്നാണ് വിശ്വാസപ്രമാണത്തിന്റെ കാര്യത്തിലും**

**എടുത്തിട്ടുള്ളത്. 'പുത്രനിൽനിന്നും' എന്നത് ഒഴിവാക്കണമെന്ന നിർദേശമാണ് ചങ്ങനാശ്ശേരി അതിരൂപതയിൽ നൽകിയിരിക്കുന്നത്.**

തെയദോറിന്റെയും നെസ്തോറിയസിന്റെയും കൂദാശക്രമത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് എന്തെന്നറിയുന്നത് ഇവിടെ പ്രസക്തമാണ്. തെയദോറിന്റെ കൂദാശക്രമത്തിലെ രണ്ടാം പ്രണാമജപത്തിൽ ഇപ്രകാരമാണ്: **'പിതാവായ അങ്ങിൽനിന്നുള്ളവനും സത്യാത്മാവുമായ പരിശുദ്ധാത്മാവ്....'.**

നെസ്തോറിയസിന്റെ കൂദാശക്രമത്തിലെ രണ്ടാം പ്രണാമജപം:

> ''അങ്ങിൽനിന്ന് (=പിതാവിൽനിന്ന്) പുറപ്പെടുന്നവനും അങ്ങയുടെ ദൈവത്വത്തിന്റെ അദൃശ്യസ്വഭാവം ഉള്ളവനുമായ പരിശുദ്ധാത്മാവ്...''

നെസ്തോറിയസിന്റെ കൂദാശക്രമത്തിലെ നാലാം പ്രണാമജപം:

> ''പിതാവേ അങ്ങിൽനിന്ന് പുറപ്പെടുകയും അങ്ങയോടുംഅങ്ങയുടെ ഏകജാതനോടുംകൂടെ ഒരുപോലെ എല്ലാവരാലും ആരാധിക്കപ്പെടുകയും...., അങ്ങയുടെ ദൈവത്വത്തിന്റെ മഹനീയസത്തയിൽനിന്നുള്ള സത്യത്തിന്റെ ആത്മാവായ പരിശുദ്ധാരൂപിയെയും ഞങ്ങൾ ഏറ്റുപറയുന്നു.''

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത



**അതിവിശിഷ്ട സേവാമെഡൽ നേടിയ**
**എയർ വൈസ്മാർഷൽ ഫിലിപ്പ് തോമസ് കണ്ടങ്കരിക്ക്**
**കത്തീഡ്രൽ ഇടവകയുടെ അഭിനന്ദനങ്ങൾ...**



## വികാരിയച്ചന്റെ സന്ദേശം

# മധ്യവേനലവധിയും കുട്ടികളുടെ സമഗ്രപരിശീലനവും

ഈശോയിൽ ഏറ്റവും പ്രിയമുള്ളവരേ,

ഒട്ടേറെ സംഭവബഹുലമായ ഒരു കാലഘട്ടമാണല്ലോ നമ്മുടെ ഇടവകയിൽ കടന്നുപോയത്. നമ്മുടെ ഇടവക പെരുന്നാൾ വളരെ ഭംഗിയായും ഭക്തിനിർഭരമായും നാം ആചരിച്ചു. തുടർന്നുനടന്ന ബൈബിൾ കൺവെൻഷൻ നമ്മുടെ ഇടവകയ്ക്കു മാത്രമല്ല സമീപ പ്രദേശങ്ങളിലെല്ലാം ധാരാളം കൃപയും അനുഗ്രഹങ്ങളും വാരി വിതറി. ഇതിനെല്ലാം നല്ല നേതൃത്വംവഹിച്ച ബ. കൊച്ചച്ചന്മാർക്കും സിസ്റ്റേഴ്സിനും കൈക്കാരന്മാർക്കും, കൗൺസിലേഴ്സ് കൂട്ടായ്മ ലീഡേഴ്സ് സംഘടനാ പ്രതിനിധികൾ തുടങ്ങിയ എല്ലാവർക്കും ഹൃദ്യമായ നന്ദി പ്രകാശിപ്പിച്ചു കൊള്ളുന്നു. പ്രിയങ്കരനായ അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ ചരമവാർഷികവും വലിയ ജനപങ്കാളിത്തത്തോടെനടക്കുകയുണ്ടായി. ഇതിന് ഒരുക്കമായി അഭി. പിതാവിന്റെ കബറിടത്തിങ്കിലേക്ക് നടന്ന ഒന്നാം അനുസ്മരണ പ്രയാണവും ശ്രദ്ധേയമായി. അതോടൊപ്പം നമ്മുടെ ഇടവകയുടെ

സംഘടനാ തലങ്ങളിലും കൂട്ടായ്മകളിലും ഉള്ള പ്രവർത്തനങ്ങളും സജീവമായി മുന്നേറുന്നു. ബഹു. ലിപിനച്ചന്റെ നേതൃത്വത്തിൽ സെന്റ് മേരീസ് സ്കൂളും, ബഹു. ജസ്റ്റിനന്റെ നേതൃത്വത്തിൽ പണ്ടകശാല ക്കടവ് സെന്റ് ജെയിംസ് സ്കൂളും നവീകരിച്ച് ഭംഗിയാക്കി സ്കൂൾ വാർഷികങ്ങളും ആഘോഷമായി നടക്കുകയുണ്ടായി. ഇതിനെല്ലാം സഹകരിച്ച പ്രിയപ്പെട്ട എച്ച്.എം മാർ, അധ്യാപകർ മറ്റ് സഹകാരി കൾ എല്ലാവർക്കും നന്ദി.

തീക്ഷ്ണമായ നോമ്പാചാരണത്തിനുശേഷം നാം ഉയിർപ്പുകാല ത്തേക്ക് പ്രവേശിക്കുകയാണല്ലോ. മധ്യവേനൽ അവധിയായ ഇപ്പോ ഴാണല്ലോ കുട്ടികളുടെ വിശ്വാസ പരിശീലനമായ വിശ്വാസോൽത്സവം നടക്കുന്നത്. നമ്മുടെ വിശ്വാസത്തെക്കുറിച്ച് ശരിയായ മനസ്സിലാക്കു വാനും വിശ്വാസം ജീവിക്കുവാനും വിശ്വാസാനുഭവത്തിൽ നിന്നു കൊണ്ട് ഈശോയ്ക്ക് സാക്ഷ്യം വഹിക്കുവാനും നമ്മുടെ യുവ തലമുറയെ പരിശീലിപ്പിക്കുന്ന വേദിയാണല്ലോ വിശ്വാസോൽത്സവം. അതിന് നേതൃത്വം നൽകുന്ന കൊച്ചച്ചന്മാർക്കും സിസ്റ്റേഴ്സിനും അധ്യാപകർക്കും എല്ലാ ആശംസകളും നേരുന്നു.

വളർന്നുവരുന്ന തലമുറയാണല്ലോ നമ്മുടെ പ്രത്യാശ. അവർക്ക് ശരിയായ രൂപവൽക്കരണം കൊടുക്കേണ്ടത് മാതാപിതാക്കന്മാരു ടെയും ഇടവകസമൂഹത്തിന്റെയും പൊതു ആവശ്യം കൂടിയാണ്. യുവതലമുറയുടെ പരിശീലനം ഇന്ന് ഏറെ വെല്ലുവിളികൾ നേരിടു കയാണ് എന്ന് നമുക്ക് അറിയാമല്ലോ. കൂട്ടുകാരുടെ സ്വാധീനം, സോഷ്യൽ മീഡിയയുടെ അതിപ്രസരം തുടങ്ങി യവ പലപ്പോഴും ചതിക്കുഴികളിലേക്കും തിരിച്ചുവരാനാവാത്ത കെണികളിലേക്കും യുവതതലമുറയെ കൊണ്ടെത്തിക്കുന്ന നിരവധി ഉദാഹരണങ്ങൾ നാം കണ്ടു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കുടുംബങ്ങളിലുള്ള പരിശീലനം വള രെ പ്രധാനപ്പെട്ടതാണ്. കുട്ടികൾ സമ യം വൃഥാ ചെലവഴിക്കാതെ അവരുടെ സർഗാത്മകശേഷി വളർത്തിയെടുക്കുന്ന ക്ലാസുകൾ, ക്യാമ്പുകൾ, പരിശീലന പരിപാടികൾ ഒക്കെ മധ്യവേനൽ അവധിക്ക് നടക്കുന്നുണ്ടല്ലോ. നമ്മുടെ ഇടവകയിൽ 'മർത്തമറിയം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്സ ലൻസ്' എന്ന ഒരു പരിശീലന സ്ഥാപനംത ന്നെ ആരംഭിച്ചിരിക്കുകയാണ്. എൻട്രൻസ്

> “
>
> കുഞ്ഞുങ്ങൾക്ക് സ്നേഹവാൽസല്യങ്ങൾ പകർന്നുകൊടുത്ത് അവരുടെ ആവശ്യങ്ങൾ തുറന്നുപറയാൻ സാധിക്കുന്ന ഒരു ബന്ധം അവരുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും മാതാപിതാക്കന്മാർ സ്ഥാപിക്കേണ്ടത് ആവശ്യകമാണ്. അതോടൊപ്പം നല്ല ശീലങ്ങൾ വളർത്തിയെടു ക്കാനും കുടുംബങ്ങളിൽനി ന്നും വേണ്ട ശിക്ഷണം ലഭിക്കേണ്ടതുണ്ട്.

പരീക്ഷകൾക്കും മറ്റ് മത്സരപരീക്ഷകൾക്കും പഠനത്തിനും എല്ലാം സഹായകമായ സമഗ്രപരിശീലന പദ്ധതിയാണ് ഇവിടെ നടക്കുന്നത്. ക്ലാസിക്കൽ, വിദേശ ഭാഷകൾ, പഠിക്കുന്നതും സംഗീതോപകരണങ്ങൾ, സംഗീതം ഒക്കെ അഭ്യസിക്കുന്നതും പ്രോത്സാഹനജനകമാണ്.

ഇന്നത്തെ കാലഘട്ടത്തിന്റെ വെല്ലുവിളികൾക്ക് യോജിച്ചവിധത്തിലുള്ള പേരിന്റിങ്ങ് അഥവാ ശിക്ഷണം നൽകാൻ മാതാപിതാക്കന്മാർ പ്രത്യേകം പരിശീലിപ്പിക്കപ്പെടേണ്ടതുണ്ട്. ഉദാഹരണത്തിന് സോഷ്യൽ മീഡിയയുടെ ഉപയോഗം. സ്ക്രീൻ അഡിക്ഷനിലേക്കും, അനഭിമതമായ ബന്ധങ്ങളിലേക്കും കുട്ടികൾ പോകാതിരിക്കാൻ മാതാപിതാക്കന്മാർ ജാഗ്രതയുള്ളവരായിരിക്കണം. ചെറുപ്പത്തിന്റെ കൗതുകങ്ങളിലോ സാഹസികതയിലോ കൂട്ടുകാരുടെ സ്വാധീനത്തിലോ മദ്യ മയക്കുമരുന്നുകളിലേക്ക് പോകാതിരിക്കുവാൻ പ്രത്യേക ജാഗ്രത പുലർത്തേണ്ടതാണ്. ഒപ്പം സ്നേഹവും വാത്സല്യവും ചിലപ്പോൾ കുടുംബങ്ങളിൽ കുറഞ്ഞുവരുന്നതായി കാണുന്നുണ്ട്. കുഞ്ഞുങ്ങൾക്ക് സ്നേഹവാൽസല്യങ്ങൾ പകർന്നുകൊടുത്ത് അവരുടെ ആവശ്യങ്ങൾ തുറന്നു പറയാൻ സാധിക്കുന്ന ഒരു ബന്ധം അവരുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും മാതാപിതാക്കന്മാർ സ്ഥാപിക്കേണ്ടത് ആവശ്യകമാണ്.

അതോടൊപ്പം നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും കുടുംബങ്ങളിൽനിന്നും വേണ്ട ശിക്ഷണം ലഭിക്കേണ്ടതുണ്ട്. വിശുദ്ധഗ്രന്ഥവായനയ്ക്ക് പുറമേ സദ്ഗ്രന്ഥപാരായണം, കരകൗശല വിദ്യകൾ, അടുക്കളത്തോട്ടം, ഗാർഡനിങ്, പാചകം, തുടങ്ങിയ ലൈഫ് സ്കിൽസ്, എല്ലാവരുമായും മാന്യമായും പക്വമായും ഇടപെടാനുള്ള സോഫ്റ്റ് സ്കിൽസ് ഒക്കെ കുഞ്ഞുങ്ങളിൽ വളർത്തിയെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അദ്ധ്യാത്മികവും ഭൗതികവും മാനസികവുമായ വളർച്ച കുഞ്ഞുങ്ങൾക്ക് ഉണ്ടാകണം. അതിന് അവരെ ഒരുക്കുന്ന പ്രാഥമിക അധ്യാപകർ മാതാപിതാക്കന്മാർ തന്നെയാണ്. ഗ്രാൻഡ് പേരെന്റ്സുമായും കുടുംബങ്ങളിലെ മുതിർന്നവരുമായുള്ള നല്ല ഊഷ്മളബന്ധം കുഞ്ഞുങ്ങൾക്ക് ഉണ്ടാക്കുവാൻ ശ്രദ്ധിക്കണം. ഒപ്പം വിശാലകുടുംബത്തിന്റെയും കൂട്ടായ്മയുടെയും എല്ലാം ശ്രദ്ധ നമ്മുടെ കുഞ്ഞുങ്ങളിൽ ഉണ്ടാകണം. അങ്ങനെ മധ്യവേനലവധിക്കാലം കുട്ടികൾക്ക് വിശ്രമത്തിനും വിനോദത്തിനും സമഗ്രമായ വളർച്ചയ്ക്കും ഉതകുന്നതായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

നിങ്ങളുടെ വികാരിയച്ചൻ
**ഫാ. ജോസ് കൊച്ചുപറമ്പിൽ**



# ഇന്ത്യൻ ജനാധിപത്യത്തിലെ ക്രൈസ്തവ ഭാഗധേയത്വം



ഫാ. ജയിംസ് കൊക്കാവയലിൽ

> “ വർഗീയതയും തീവ്രവാദവും ശക്തമാകുന്ന ഈ കാലഘട്ടത്തിൽ, ജനാധിപത്യം ഏകാധിപത്യത്തിന് വഴിമാറുമോയെന്ന് ആശങ്കപ്പെടുന്ന ഈ അവസരത്തിൽ രാഷ്ട്രീയത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തുവാനും പൊതുസമൂഹത്തിന് ശരിയായ ദിശാബോധം നൽകുവാനുമുള്ള ക്രിസ്തീയദൗത്യം നമുക്ക് മറക്കാതിരിക്കാം.

ഒരു ലോകസഭാ തെരഞ്ഞെടുപ്പിന്റെ പടിവാതിൽക്കൽ എത്തിനിൽക്കുമ്പോൾ ഇന്ത്യൻ ജനാധിപത്യത്തിലുള്ള ഇന്നത്തെ ക്രൈസ്തവ ഭാഗധേയത്വം ചിന്തനീയമായ വിഷയം തന്നെയാണ്.

ദേശീയ ജനസംഖ്യയുടെ 2.3% മാത്രം വരുന്ന ക്രൈസ്തവർ ഇന്ത്യയുടെ ജനാധിപത്യചരിത്രത്തിൽ ശ്രദ്ധേയമായ ഭാഗഭാഗിത്വമാണ് വഹിച്ചിട്ടുള്ളത്. എന്നാൽ ഇന്ന് അത് എവിടെ എത്തിനിൽക്കുന്നു?

ജനാധിപത്യ പ്രക്രിയയിൽ പ്രധാനമായും രണ്ടു തരത്തിലാണ് ഭാഗഭാഗിത്വമുള്ളത്.

**1. രാഷ്ട്രീയ നേതൃനിരയുടെ രൂപവത്കരണം**

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സ്ഥാപകനായ എ.ഒ. ഹ്യൂം മുതൽ ദേശീയ പ്രസ്ഥാനത്തിന് ശക്തമായ നേതൃത്വം നൽകിയ കാളിചരൺ ബാനർജി, കൃഷ്

ണ മോഹൻ ബാനർജി, അമൃത് കൗർ, ഹരേന്ദ്ര കോമർ മുഖർജി, അക്കമ്മ ചെറിയാൻ, ആനിമസ്ക്രിൻ, റോസമ്മ പുന്നൂസ്, ബാരിസ്റ്റർ ജോർജ് ജോസഫ്, ടൈറ്റസ് തേവർ തുണ്ടിയിൽ തുടങ്ങിയ ക്രൈസ്തവരുടെ നീണ്ടനിരതന്നെ നമുക്കു ചരിത്രത്തിൽ കാണാം. ഭരണഘടനാ ശിൽപിയായ ഫാ. ജറോം ഡിസൂസ, നെഹറുവിനോടു കൈകോർത്ത് സ്വതന്ത്ര ഇന്ത്യയെ പടുത്തുയർത്തിയ ധനമന്ത്രി ജോൺ മത്തായി എന്നിവരും തുടർന്ന് ധാരാളം ദേശീയ നേതാക്കളും സംസ്ഥാന നേതാക്കളും ക്രൈസ്തവരുടെ ഇടയിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ ഇന്നു നമ്മുടെ അവസ്ഥ വളരെ പരിതാപകരമാണ്. പ്രാദേശിക പ്രത്യേകതകളുള്ള വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ സാന്നിധ്യം ഒഴിച്ചു നിർത്തിയാൽ, നമുക്ക് ദേശീയതലത്തിൽ ചൂണ്ടിക്കാണിക്കാൻ ജോൺ ബർള എന്ന കേന്ദ്രസഹമന്ത്രിയും ജഗൻ മോഹൻ റെഡ്ഡി എന്ന മുഖ്യമന്ത്രിയും മാത്രമാണ് ഉള്ളത്. കേരളത്തിൽനിന്ന് ക്രൈസ്തവരായ ദേശീയ നേതാക്കൾ ആരും തന്നെ ഇപ്പോഴില്ല. സംസ്ഥാന തലത്തിൽ പഴയ തലമുറയിലെ ഏതാനും നേതാക്കൾ ഉണ്ടെന്നത് വസ്തുതയാണ്. എന്നാൽ പുതിയ നേതാക്കൾ ക്രൈസ്തവരിൽ നിന്നും ഉയർന്നുവരുന്നില്ല. ഏതെങ്കിലും ശ്രദ്ധേയരായ ക്രൈസ്തവനേതാക്കൾ ഇന്ന് കേരളത്തിൽ ഉണ്ടെങ്കിൽ നമ്മൾ നന്ദിപറയേണ്ടത് മക്കൾ രാഷ്ട്രീയത്തോടാണ്. നിലവിലുള്ള ക്രിസ്ത്യൻ നാമധാരികളായ രാഷ്ട്രീയനേതാക്കൾക്ക് ക്രൈസ്തവ സമൂഹത്തിന്റെ ന്യായമായ ആവശ്യങ്ങളോട് എത്രമാത്രം പ്രതിബദ്ധതയുണ്ട് എന്നത് മറ്റൊരു ചോദ്യമാണ്. അവർ ഭരണ പ്രതിപക്ഷ ഭേദമന്യേ ക്രിസ്ത്യൻ വിഷയങ്ങൾ ഏറ്റെടുക്കാൻ ഭയപ്പെട്ടു നിൽക്കുകയാണ്. ഉദാഹരണത്തിന് ജെ. ബി കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടണമെന്ന് ശക്തമായി ആവശ്യപ്പെടുന്ന ഏതെങ്കിലുമൊരു ക്രിസ്ത്യൻ നേതാവ് കേരളത്തിലുണ്ടോ?

> തെരഞ്ഞെടുപ്പു പ്രക്രിയയിൽ ക്രൈസ്തവരുടെ ഭാഗധേയത്വം ഉണ്ടായിരിക്കുകയെന്നത് ഈ ജനാധിപത്യ രാഷ്ട്രത്തിൽ നമ്മുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ഇതു വർദ്ധിപ്പിക്കുന്നതിന് ഉചിതമായ മാർഗങ്ങൾ നമ്മൾ കണ്ടെത്തേണ്ടതുണ്ട്. രൂപതകളിലും വലിയ ഫൊറോനകളിലും പൊളിറ്റിക്കൽ അക്കാദമികൾ തുടങ്ങുക, അടുത്ത പഞ്ചായത്തു തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് സമുദായാംഗങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് നേതൃത്വപരിശീലനം, പ്രസംഗപരിശീലനം, നിയമ ഭരണഘടനാവബോധം തുടങ്ങിയവ പകർന്നുനൽകുക, മത്സരരംഗത്തേയ്ക്കിറങ്ങാൻ ധാരാളം പേരെ പ്രചോദിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ കുറച്ചൊക്കെ ഫലവത്തായ പരിഹാരമാർഗങ്ങളാണ്.



**2. സമ്മതിദാനാവകാശത്തിന്റെ വിനിയോഗം**

സമ്മതിദാനാവകാശത്തിനുവേണ്ടി പ്രക്ഷോഭങ്ങൾ നടത്തിയ ചരിത്രമാണ് കേരള ക്രൈസ്തവർക്കുള്ളത്. ശ്രീ മൂലം പ്രജാസഭയിലേയ്ക്കുള്ള വോട്ടവകാശത്തിനും പ്രാതിനിധ്യത്തിനുംവേണ്ടി എൻ. വി. ജോസഫ്, ടി.എം.വർഗീസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ക്രൈസ്തവർ, ഈഴവർ, മുസ്ലിങ്ങൾ എന്നിവർ നടത്തിയ പ്രക്ഷോഭമാണ് നിവർത്തനപ്രക്ഷോഭം എന്നറിയപ്പെടുന്നത്.

എന്നാൽ 2011 ലെ സെൻസസ് പ്രകാരം 18.38 % ജനസംഖ്യാനുപാതമുള്ള കേരളത്തിലെ ക്രൈസ്തവരിൽ എത്രപേർ ഇന്ന് തങ്ങളുടെ വോട്ടവകാശം ശരിയായി വിനിയോഗിക്കുന്നുണ്ട്? ക്രൈസ്തവ മേഖലകളിൽ പോളിങ് ശതമാനം മറ്റു മേഖലകളെക്കാൾ കുറവായിരിക്കും എന്നത് കാലങ്ങളായുള്ള പ്രവണതയാണ്. നഗരപ്രദേശങ്ങളിൽ ഈ അവസ്ഥ ഗ്രാമങ്ങളിലേതിനെക്കാൾ ദയനീയമാണ്. അറുപതു ശതമാനത്തിനു മുകളിൽ ക്രിസ്ത്യൻ ജനസംഖ്യയുള്ള പുതുപ്പള്ളി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിനോടനുബന്ധിച്ച് മലയാള മനോരമ നടത്തിയ റിപ്പോർട്ടിങ് ഇപ്രകാരമാണ്. അന്തിമ വോട്ടർപട്ടിക പുറത്തിറക്കിയപ്പോൾ മണ്ഡലത്തിൽ ഏഴായിരത്തിലേറെ യുവവോട്ടർമാരാണ് ഇല്ലാതായത്. വിദേശത്തും ഇതരസംസ്ഥാനങ്ങളിലും പഠന, തൊഴിൽ ആവശ്യങ്ങൾക്കായി പോയതോടെയാണു ഇവരെ ഒഴിവാക്കിയത്. ഇക്കുറി 39 പുതിയ വോട്ടർമാർ മാത്രമാണു മണ്ഡലത്തിലുള്ളത് (22 ആഗസ്റ്റ് 2023). ഇതുതന്നെയാണ് മിക്ക ക്രൈസ്തവ ഭൂരിപക്ഷ മണ്ഡലങ്ങളിലെയും അവസ്ഥ. കൂടാതെ നാട്ടിലുള്ളവരിൽ പലരും വോട്ടു ചെയ്യാൻ വിമുഖതയുള്ളവരാണ്. ചിലരെങ്കിലും അരാഷ്ട്രീയ ചിന്താഗതിക്കാരാണ്; രാഷ്ട്രീയ പ്രക്രിയകളോട് നിഷേധാത്മക മനോഭാവം പുലർത്തുന്നവരും കുറ്റങ്ങളും കുറവുകളും മാത്രം കണ്ടെത്തുന്നവരുമാണ്. ഇതൊന്നും തന്റെ ജീവിതത്തെ ബാധിക്കുന്നതല്ല എന്നു കരുതി നിസംഗത പുലർത്തുന്ന ഗണ്യമായ ഒരു സമ്പന്നവിഭാഗവുമുണ്ട്. വോട്ടർപട്ടികയിൽ പേരു ചേർക്കാൻ മെനക്കെടാത്തവരാണ് ക്രൈസ്തവ യുവജനങ്ങളിൽ പലരും. ഈ നിഷേധാത്മക മനോഭാവവും നിസംഗതാവസ്ഥയും ക്രൈസ്തവരുടെ രാഷ്ട്രീയ ഭാഗധേയത്വം ഗണ്യമായി കുറയാൻ ഇടയാകുന്നു.

**പരിഹാരനിർദേശങ്ങൾ**

തെരഞ്ഞെടുപ്പു പ്രക്രിയയിൽ ക്രൈസ്തവരുടെ ഭാഗധേയത്വം ഉണ്ടായിരിക്കുകയെന്നത് ഈ ജനാധിപത്യ രാഷ്ട്രത്തിൽ നമ്മുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ഇതു വർദ്ധിപ്പിക്കുന്നതിന് ഉചിതമായ മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

രൂപതകളിലും വലിയ ഫൊറോനകളിലും പൊളിറ്റിക്കൽ അക്കാദമികൾ തുടങ്ങുക, അടുത്ത പഞ്ചായത്തു തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് സമുദായാംഗങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് നേതൃത്വപരിശീലനം, പ്രസംഗപരിശീലനം, നിയമ ഭരണഘടനാവബോധം തുടങ്ങിയവ പകർന്നുനൽകുക, മത്സരരംഗത്തേയ്ക്കിറങ്ങാൻ ധാരാളം പേരെ പ്രചോദിപ്പിക്കുക, വോട്ടേഴ്സ് ലിസ്റ്റിൽ പേരുചേർക്കൽ ക്യാമ്പയിനുകൾ നടത്തുക, കുടുംബകൂട്ടായ്മകളിലും മറ്റും രാഷ്ട്രീയാവബോധം നൽകുക, ഗ്രാമസഭകളിൽ തുടർച്ചയായി പങ്കെടുക്കുക തുടങ്ങിയ കാര്യങ്ങൾ കുറച്ചൊക്കെ ഫലവത്തായ പരിഹാരമാർഗങ്ങളാണ്. അൽമായർ മുതൽ സഭാധികാരികൾ വരെയുള്ളവർക്ക് നിയമമേഖല, വിവിധ അവകാശങ്ങൾ, ഭരണനിർവഹണ നടപടിക്രമങ്ങൾ, പൊതുരാഷ്ട്രീയമേഖലയിൽ ഉള്ള സംഭവവികാസങ്ങൾ എന്നിവ സംബന്ധിച്ച് കൃത്യമായ പഠനങ്ങൾ ഉണ്ടായിരിക്കുക ഏറ്റവും പ്രധാനപ്പെട്ടതാണ്. ഈ മേഖലയിൽ ബോധപൂർവമുള്ള ഇടപെടലുകളുണ്ടാകണം.

ഇന്ത്യയുടെ ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കാൻ ക്രൈസ്തവർക്ക് ഉത്തരവാദിത്തവും കടമയുമുണ്ടെന്നു മാത്രമല്ല അതു നമ്മുടെ ആവശ്യകത കൂടിയാണ്. വർഗീയതയും തീവ്രവാദവും ശക്തമാകുന്ന ഈ കാലഘട്ടത്തിൽ, ജനാധിപത്യം ഏകാധിപത്യത്തിന് വഴിമാറുമോയെന്ന് ആശങ്കപ്പെടുന്ന ഈ അവസരത്തിൽ രാഷ്ട്രീയത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തുവാനും പൊതുസമൂഹത്തിന് ശരിയായ ദിശാബോധം നൽകുവാനുമുള്ള ക്രിസ്തീയ ദൗത്യം നമുക്ക് മറക്കാതിരിക്കാം. അൽപം പുളിമാവ് പിണ്ഡം മുഴുവനെയും പുളിപ്പിക്കുന്നുവല്ലോ.

## അഭിനന്ദനങ്ങൾ...



**മഹാത്മാഗാന്ധി സർവകലാശാല കലോത്സവത്തിൽ ഡ്രംസ് വിഭാഗം മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ**
**മാർവൽ സെബാസ്റ്റ്യൻ ഉമാപറമ്പിലിന്**
**കത്തീഡ്രൽ ഇടവകയുടെ അഭിനന്ദനങ്ങൾ...**



# ഉയിർപ്പു തിരുനാളും ഞായറാഴ്ച ആചരണവും

ഫാ. ജോസ് കൊച്ചുപറമ്പിൽ



"

ഓരോ ഞായറാഴ്ചയും ഇടവകദേവാലയത്തിൽ ഒരുമിച്ചുകൂടി ദൈവവചനം ശ്രവിച്ചു ഹൃദയം ജ്വലിപ്പിക്കുകയും മിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തെയും ഉത്ഥാനത്തിന്റെയും ഓർമ്മയാചരണമായ പരിശുദ്ധ കുർബാനയിൽ സംബന്ധിച്ച് ഈശോയെ അനുഭവിക്കുകയും ചെയ്യുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്നു.

## 1. ഉയർപ്പിന്റെ സാക്ഷ്യം

ആഴ്ചയുടെ ഒന്നാം ദിവസം ഈശോയുടെ ശിഷ്യന്മാർ കണ്ട ശൂന്യമായ കല്ലറയിൽ നിന്നാണ് എല്ലാറ്റിന്റെയും തുടക്കം. ഈശോയുടെ മൃതശരീരം പൊതിഞ്ഞ കച്ചയും ഈശോയുടെ തലയിൽ കെട്ടിവച്ചിരുന്ന തൂവാലയും മാത്രമാണ് അവർ അവിടെ കണ്ടത്. യോഹന്നാന്റെ സുവിശേഷം പറയുന്നു, ''അപ്പോൾ കല്ലറയുടെ സമീപത്ത് ആദ്യം എത്തിയ മറ്റേ ശിഷ്യനും അകത്ത് പ്രവേശിച്ചു കണ്ടു വിശ്വസിച്ചു'' (20:8). ''ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു. മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏൽപ്പിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കുകയും ചെയ്യേണ്ടിയിരിക്കുന്നു എന്ന്

താൻ ഗലീലിയായിൽ ആയിരുന്നപ്പോൾത്തന്നെ അവൻ നിങ്ങളോട് പറഞ്ഞത് ഓർമ്മിക്കുവിൻ. അപ്പോൾ അവർ അവന്റെ വാക്കുകൾ ഓർമ്മിച്ചു'' (ലൂക്കാ 24:57). ഉയർത്തെഴുന്നേറ്റ കർത്താവിനെ ശിഷ്യന്മാർ കണ്ടു, അവനെ ആരാധിച്ചു (മത്താ 28:17). ''ഇതാ യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും'' എന്ന് വാഗ്ദാനം ചെയ്തുകൊണ്ട് ഈശോ അവർക്ക് തന്റെ പ്രേഷിതദൗത്യം നൽകുകയും ചെയ്തു (മത്താ 28:18-20). ഈശോയുടെ ഉയിർപ്പ് കണ്ടറിഞ്ഞ ഒരു സത്യമാണെന്ന് സംശയിച്ചുനിന്ന തോമാശ്ലീഹായ്ക്കും വ്യക്തമായി (യോഹ 21:29).

ഈശോ ജീവിക്കുന്നു എന്ന യാഥാർത്ഥ്യം ശിഷ്യന്മാരുടെ ജീവിതത്തിന് പുതിയ ഉണർവേകി. ''ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അത് കണ്ടു, അതിന് സാക്ഷ്യം നൽകുകയും ചെയ്യുന്നു. പിതാവിനോടുകൂടി ആയിരുന്നവനും ഞങ്ങൾക്ക് വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോടു പ്രഘോഷിക്കുന്നു. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു.'' യോഹന്നാന്റെ ലേഖനത്തിലെ ഈ വിവരണം (1 യോഹ 1:12) ശിഷ്യന്മാരുടെ പൊതുസാക്ഷ്യമായിരുന്നു.

**2. സകലതും ഉയിർപ്പിന്റെ വെളിച്ചത്തിൽ**

വാസ്തവത്തിൽ ഈശോയോട് ഉയിർപ്പ് ശിഷ്യന്മാർക്ക് പുതിയ ഉൾക്കാഴ്ച നൽകി എന്നതാണ് വസ്തുത. ഉയിർപ്പ് എന്ന പ്രിസത്തിലൂടെ ഈശോയുടെ ജീവിതം മുഴുവനും; ആദ്യം മുതലുള്ള പഴയ നിയമ ഭാഗങ്ങൾവരെ അവർ പ്രത്യവലോകനം ചെയ്തു. അതിന്റെ ഫലമായി വിശുദ്ധ ഗ്രന്ഥം മുഴുവൻ തെളിഞ്ഞു നിൽക്കുന്ന മിശിഹായെ കാണാൻ അവർക്ക് സാധിച്ചു. പഴയ നിയമത്തിലെ വ്യക്തികളും സംഭവങ്ങളും മിശിഹായുടെ പ്രതിരൂപങ്ങളായി അവർ ദർശിച്ചു.

**3. ഞായറാഴ്ചയാചരണം**

ഈശോയുടെ ഉയിർപ്പ് ആഴ്ചയുടെ ഒന്നാം ദിവസം അഥവാ ഒരു ഞായറാഴ്ചയാണ് സംഭവിച്ചത്. മൂന്നാം ദിവസം, എട്ടാം ദിവസം, കർത്താവിന്റെ ദിവസം എന്നൊക്കെ പിന്നീട് ഇതിന് പേരുവന്നു. ദൈവത്തിന്റെ മഹത്ത്വം വിളംബരം ചെയ്യുന്ന ദിവസം എന്നനിലയിൽ മൂന്നാം ദിവസവും, പൂർണ്ണസംഖ്യയായ ഏഴിനെയും പൂർത്തീകരിക്കുന്ന എട്ട് എന്ന നിലയിൽ എട്ടാം ദിവസം എന്നും, ഈശോമിശിഹാ ഉയിർത്തെഴുന്നേറ്റ ദിവസമായതുകൊണ്ട് കർത്താവിന്റെ ദിവസം എന്നും, പിന്നീട് റോമാക്കാർ അസ്തമിക്കാത്ത നീതിസൂര്യനായ ഈശോയെ സൂചിപ്പിച്ചുകൊണ്ട് സൂര്യന്റെ ദിവസം അഥവാ ഞായറാഴ്ച എന്നും ഇതിനെ വിളിക്കാൻ തുടങ്ങി. ഈശോയുടെ ഉയർപ്പിന്റെ പ്രഭയിൽ കുളിച്ചു

*ശേഷം പേജ് 29*

# മകരം തിരുനാൾ















## ഇടവകദിനം - 2024 ജനുവരി 21





















# അതിരൂപതാ ബൈബിൾ കൺവൻഷൻ - ഫെബ്രു. 14-18







യുവജനവർഷം 2024 - ഫെബ്രു. 18
















പ്രതിഷേധാഗ്നി - മാർച്ച് 10





വനിതാദിനം - സ്പെഷ്യൽ ഗിഫ്റ്റ് ബോക്സ് - മാർച്ച് 8



അഭിവന്ദ്യ പവ്വത്തിൽ
പിതാവിന്റെ
ഒന്നാം ചരമവാർഷികാചരണം
മാർച്ച് 17



അനുസ്മരണ പ്രയാണം - മാർച്ച് 17









അനുസ്മരണ സിമ്പോസിയം - മാർച്ച് 18





യൗസേപ്പിതാവിന്റെ തിരുനാൾ - മാർച്ച് 19





പാതിനോമ്പ് - മാർച്ച് 15

നാല്പതാം വെള്ളി - മാർച്ച് 22








## കത്തീഡ്രൽ ഇടവകയുടെ ആദരാഞ്ജലികൾ



**ഫാ. തോമസ് ഈറ്റോലിൽ**
(അസിസ്റ്റന്റ് വികാരി - 1967-68)

ജനനം: 1936 സെപ്റ്റംബർ 3
പൗരോഹിത്യം: 1967 മാർച്ച് 13
മരണം: 2024 ഫെബ്രുവരി 13




നോമ്പിന്റെ ചരിത്ര – ദൈവശാസ്ത്ര – ആത്മീയ മാനങ്ങളോടൊപ്പം വേദപുസ്തകാധിഷ്ഠിതമായ ഉന്നതദർശനങ്ങളിലേയ്ക്ക് വിപുലമായ വൈജ്ഞാനിക ഉറവിടങ്ങളുടെ വെളിച്ചത്തിൽ വായനക്കാരെ കൈപിടിച്ചാനയിക്കുന്ന പ്രചോദനാത്മകഗ്രന്ഥം.
മതബോധന – വചനപ്രഘോഷണ രംഗത്തുള്ളവർക്ക് ഉത്തമസഹായി.
ദനഹാ സർവീസ് പ്രസിദ്ധീകരണം

## നന്ദി...

2023-24 വർഷങ്ങളിൽ ശുശ്രൂഷ ചെയ്ത് സ്ഥാനമൊഴിയുന്ന കൈക്കാരന്മാർക്ക് ഇടവക കുടുംബത്തിന്റെ നന്ദി.



ടോമിച്ചൻ അയ്യരുകുളങ്ങര



ജോസഫ് എം.ജെ. ആലഞ്ചേരി



ബാബു കളീക്കൽ



ലാലിച്ചൻ മുക്കാടൻ



ജോമി കാവാലംപുതുപ്പറമ്പ്



ബിനോ പാറക്കടവിൽ

## സ്വാഗതം....

2024-25 വർഷത്തിലേക്ക് കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ...

പേജ് 20 തുടർച്ച...

നിൽക്കുന്ന അസാധാരണമായ ഉയിർപ്പുദിനത്തിന്റെ അപദാനങ്ങളാണ് ഇവയെല്ലാം.

**4. ഉയർപ്പിന്റെ ആചരണം: കൂദാശകളും കുർബാനയുംവഴി**

രണ്ടുരീതിയിലാണ് ആദിമസഭ ഉയിർപ്പ് ആചരിക്കാൻ തുടങ്ങിയത്. ആദ്യമായി ഈശോയുടെ ഉയർപ്പിൽ വ്യക്തിപരമായി പങ്കുചേരുന്ന മാമ്മോദീസാവഴി പാപത്തിനു മരിച്ച് ഈശോയിൽ നവജീവൻ പ്രാപിക്കാൻ ഉയിർത്തെഴുന്നേൽക്കുന്ന കർമ്മമാണ് മാമ്മോദീസാ. മാമോദീസയിലൂടെ പുതുജന്മം പ്രാപിക്കുന്നവർ ഈശോ നൽകുന്ന വിശുദ്ധ കൂദാശകളാൽ പരിപോഷിപ്പിക്കപ്പെടുകയും ഈശോയുടെ അതേ ദൗത്യം ഏറ്റെടുക്കുകയും ചെയ്യുന്നു. അതീവ സന്തോഷത്തോടും നിർഭയത്വത്തോടുംകൂടി ആദിമക്രൈസ്തവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ എന്നിവയിൽ ഏകമനസ്സോടെയും താല്പര്യത്തോടെയും ലാളിത്യത്തോടും ആഹ്ലാദത്തോടും പങ്കുചേർന്നു എന്ന് നടപടി പുസ്തകം സാക്ഷ്യപ്പെടുത്തുന്നു (2:46). അതായത്, ഈശോയുടെ ഉയിർപ്പ് അവർക്ക് സദാ ഊർജ്ജം പകർന്നു, ഹൃദയലാളിത്യവും താല്പര്യവും സന്തോഷവും അവരിൽ വർദ്ധിച്ചുവന്നു.

**5. ഈശോയുടെ ഉയിർപ്പും കുർബാനയർപ്പണവും**

ഈശോയുടെ ഉയിർപ്പ് ഒരു ചരിത്രസംഭവമാണ് എന്നതിനുള്ള ഏറ്റവും വലിയ തെളിവ് ഈ ഞായറാഴ്ച ആചരണം തന്നെയായിരുന്നു എന്ന് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ വ്യക്തമാക്കുന്നുണ്ട്. ഉയിർപ്പ് അത്ര അപ്രതിരോധ്യവും അനിതരസാധാരണവുമായ സ്വാധീനം ചെലുത്തിയില്ലായിരുന്നെങ്കിൽ ശക്തരായ റോമൻ-യഹൂദ പ്രതിയോഗികൾക്കിടയിൽ സാധാരണക്കാരായ ആദിമക്രൈസ്തവർ ഉത്സാഹപൂർവം ഇങ്ങനെ പതിവായി ഒന്നിച്ചു സമ്മേളിക്കാനൊരുമ്പെടുകയില്ലായിരുന്നു എന്നാണ് അദ്ദേഹം നിരീക്ഷിക്കുന്നത്. ഓരോ ഞായറാഴ്ചയും ക്രിസ്ത്യാനികൾ ഒരുമിച്ചുകൂടുകയും ദൈവവചനം ശ്രമിക്കുകയും അപ്പം മുറിക്കുകയും അതിൽ പങ്കുചേർന്ന് ഈശോയുടെ സാന്നിധ്യം അനുഭവിക്കുകയും ചെയ്തിരുന്നു (നട 20:712; ലൂക്കാ 24 1335). പാവങ്ങൾക്കുവേണ്ടിയുള്ള ധർമ്മശേഖരണത്തിന്റെ ദിവസവും ഞായറാഴ്ചതന്നെയായിരുന്നു (1 കോറി 16:14). പതിവായുള്ള ഇത്തരം ഞായറാഴ്ച ആചരണങ്ങളിൽ നിന്നാണ് സഭ വളർന്നുവന്നത്. അവിടെ പ്രഘോഷിച്ച വചനഭാഗങ്ങൾ ചേർത്താണ് പുതിയ നിയമഗ്രന്ഥങ്ങൾ രൂപം പ്രാപിച്ചത്. ഭവനങ്ങളിലുള്ള കൂട്ടായ്മ വലിയ ദേവാലയങ്ങളിലേക്ക് മാറിയതും ധർമശേഖരണം വിദ്യാഭ്യാസ ആതുരസേവനരംഗങ്ങളിലേക്ക് പടർന്നതും ഈ ദിവ്യകാരുണ്യ സമ്മേളനങ്ങളിൽനിന്നാണ്. റോമൻ ഭരണാധികാരികൾ



ഞായറാഴ്ച ആചരണം നിരോധിച്ചപ്പോൾ അവർ പറഞ്ഞു, 'ഞായറാഴ്ച ഇല്ലാതെ ഞങ്ങൾക്ക് ഒന്നും സാധ്യമല്ല' (Sine dominico non possumus we cannot [live] without Sunday).

**6. കർത്താവിന്റെ ദിവസം കർത്താവിന് കൊടുക്കുക**

ഞായറാഴ്ച ഒരു സഞ്ചരിക്കുന്ന ഈസ്റ്റർ ആണ്. ആരാധനാവത്സരത്തിന്റെ അടിസ്ഥാനവും അന്തസാരവും ഞായറാഴ്ചയാണ് എന്നാണ് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് (SC, 106). ഓരോ ഞായറാഴ്ചയും ഇടവകദേവാലയത്തിൽ ഒരുമിച്ചുകൂടി ദൈവവചനം ശ്രവിച്ചു ഹൃദയം ജ്വലിപ്പിക്കുകയും മിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തെയും ഉത്ഥാനത്തിന്റെയും ഓർമ്മയാചരണമായ പരിശുദ്ധ കുർബാനയിൽ സംബന്ധിച്ച് ഈശോയെ അനുഭവിക്കുകയും ചെയ്യുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്നു. ''ഒരു മണിക്കൂർ എന്നോടുകൂടി നിങ്ങൾക്ക് ഉണർന്നിരിക്കാൻ സാധ്യമല്ലേ''യെന്ന് ചോദിക്കുന്ന ഈശോ (മത്താ 26:40), ആഴ്ചയിൽ ഒന്നോ ഒന്നരയോ മണിക്കൂർ എന്നോടുകൂടിയും എന്റെ ശരീരമായ സഭയോടുംകൂടിയായിരിക്കാൻ സാധിക്കുകയില്ലേ എന്ന് നമ്മോടും ചോദിക്കുന്നു. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം (പുറ 20:8) എന്നത് തിരുസഭയുടെ ഒരു കൽപ്പനകൂടിയാണ്. വാസ്തവത്തിൽ ഏതാനും മണിക്കൂറുകൾ മാത്രമല്ല, ആ ദിവസം മുഴുവനും സ്വാതന്ത്ര്യത്തോടും വിശ്രമത്തോടും കൂടി കർത്താവിനോടുകൂടിയായിരിക്കാനുള്ളതാണ് എന്ന് തിരുസഭ പഠിപ്പിക്കുന്നുണ്ട് (SC 106). വേദപുസ്തക പഠനം, വേദാധ്യയനം, വേദപാഠം, സൽഗ്രന്ഥ പാരായണം, രോഗീസന്ദർശനം, ജീവകാരുണ്യപ്രവർത്തനങ്ങൾ, ഉപവിപ്രവർത്തികൾ എന്നിവയ്ക്ക് വേണ്ടിയുള്ള ദിവസം കൂടിയാണ് കർത്താവിന്റെ ദിവസം. കർത്താവിന്റെ ദിവസം കർത്താവിന് കൊടുക്കുക അത് നമ്മുടെ സ്വന്തം കാര്യങ്ങൾക്കായി കവർന്നെടുക്കരുത് എന്നുസാരം.

**7. സ്വകാര്യവൽക്കരിക്കപ്പെടുന്ന ഞായറാഴ്ച ആചരണം**

വിശ്വാസജീവിതത്തെ തികച്ചും സ്വകാര്യവൽക്കരിക്കുന്ന ഒരു പ്രവണത ഇന്ന് വർദ്ധിച്ചുവരുന്നുണ്ട്. 'ഞായറാഴ്ച കടം' എന്ന എന്റെ obligation നിവർത്തിയാക്കാൻ എവിടെയെങ്കിലും പോയി ഒരു കുർബാനയിൽ സംബന്ധിക്കുക എന്നത് പതിവാക്കുന്നത് ഉചിതമല്ല. ഞായറാഴ്ചയാചരണമില്ലാത്ത മാതാപിതാക്കന്മാർ മക്കൾക്ക് കൊടുക്കുന്നത് ഒരു ദുർമാതൃകതന്നെയാണ്! നാം ആയിരിക്കുന്ന ഇടത്തിലെ ഇടവകപ്പള്ളിയിൽ പോയി കുർബാനയിൽ പങ്കെടുക്കുകയും ഇടവക ജീവിതത്തിൽ സജീവമായി പങ്കാളികളാകുകയും ചെയ്യുമ്പോഴാണ് ഞായറാഴ്ചയാചരണം സഭാത്മകവും അർത്ഥവത്തുകാണുന്നത്.

ഞായറാഴ്ചയും കടമുള്ള ദിവസവും വിലക്കപ്പെട്ട വേലകൾ ചെയ്യരുത് എന്ന ഒരു കല്പനയുമുണ്ട്. ദൈവബന്ധവും മനുഷ്യബന്ധവും ഊട്ടിയുറപ്പിക്കാനുതകുന്ന സമാധാനപൂർവ്വം ശാന്തവുമായ ദിനങ്ങളാകണം നമ്മുടെ ഞായറാഴ്ചകൾ.



# ഇടവക വാർത്തകൾ

## പാരീഷ് കൗൺസിൽ 2024-24

2023–24 വർഷത്തെ കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെട്ട ടോമിച്ചൻ അയ്യരുകുളങ്ങര, ടോമിച്ചൻ ആലഞ്ചേരി, ബാബു കളീയ്ക്കൽ എന്നിവർ 10.4.23 മുതൽ ചാർജെടുത്ത് പ്രവർത്തനമാരംഭിച്ചു.

**ശ്രദ്ധേയമായ പ്രവർത്തനങ്ങൾ**

1. മുതിർന്നവർക്കുള്ള മാമ്മോദീസതൊട്ടി പണിപൂർത്തിയാക്കി വെഞ്ചരിച്ചു.
2. ഫൊറോനയിലെ പ്രവർത്തനങ്ങൾക്കായി ഫൊറോന കാര്യാലയം പ്രവർത്തനം ആരംഭിച്ചു.
3. മെത്രാപ്പോലീത്തക്ക് വിശ്രമിക്കുവാൻ പ്രത്യേക മുറി ഫർണിഷ് ചെയ്ത് വെഞ്ചരിച്ചു.
4. സെന്റ് ജെയിംസ് എൽ.പി. സ്കൂൾ പുതുക്കി പണിതു.
5. സെന്റ് ജെയിംസ് പണ്ടകശാലകടവ് കുരിശുപള്ളി നവീകരണം പൂർത്തിയാക്കി തിരുശേഷിപ്പ് പ്രതിഷ്ഠിച്ചു.
6. സെന്റ് മേരീസ് എൽ.പി. സ്കൂൾ നവീകരിച്ച് സമർപ്പിച്ചു. കൂടാതെ ഗവണ്മെന്റിന്റെ എയ്ഡോടുകൂടി പാചകപ്പുരയുടെ പണി കൂടി ആരംഭിച്ചു.
7. പഴയ പള്ളിമേടയുടെ മുഖവാരം മോടിയാക്കി ചരിത്രഫലകം സ്ഥാപിച്ച് അകിനോസ് പിതാവിന്റെ 200–ാം ചരമവാർഷികദിനത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു.
8. വലിയപള്ളി കാർപറ്റ് ചെയ്ത് വൃത്തിയാക്കി.
9. പള്ളിമുറ്റം 6 ലോഡ് ചരലിറക്കി ഭംഗിയാക്കി.
10. സെമിത്തേരി അറ്റകുറ്റപ്പണികൾ നടത്തി.
11. മണിമാളികയും പഴയപള്ളിമേടയും തടികൾ മാറ്റി പുനരുദ്ധരിച്ച് വൃത്തിയാക്കി.
12. പള്ളിയും പള്ളിപരിസരങ്ങൾ മുഴുവൻ പെയിന്റടിച്ച് വൃത്തിയാക്കി.
13. സിസിടിവി നവീകരിച്ച് പ്രവർത്തനക്ഷമമാക്കി.

14. കാക്കാംതോട് കുരിശടിയിലേക്ക് പുതിയ രൂപക്കൂട് പണിതു.
15. പള്ളിമേടയിലേക്ക് പുതിയ ഇൻവർട്ടർ.
16. പള്ളിമേട, പള്ളിയുടെ തൂണുകൾ, കൊച്ചുപള്ളി മോണ്ടളം മൊസൈക്ക് പോളിഷിംഗ് നടത്തി.
17. പള്ളി പാർക്കിംങ് ഏരിയ വേസ്റ്റ് നീക്കി വിസ്തൃതമാക്കി.
18. തെക്കേ കുരിശടിയും നടകളും ഭംഗിയാക്കി. അവിടെ വി. ഡൊമിനിക് സാവിയോയുടെ ചിത്രം സ്ഥാപിച്ചു.
19. ഫിഷ് മാർക്കറ്റിൽ വി. സെബസ്ത്യാനോസിന്റെ കുരിശടി മത്സ്യത്തിന്റെ ആകൃതിയിൽ (ഇക്ത്തൂസ് – ഈശോയുടെ പുരാതന അടയാളം) പുനഃസ്ഥാപിച്ചു.
20. പള്ളിയുടെ മൂന്നു കുരിശുകൾ ചെമ്പ്കൊണ്ട് പൊതിഞ്ഞതാണ്. അത് പൂർവസ്ഥിതിയിൽ തെളിച്ച് പൂശാൻ സാധിച്ചു.

**ബാബു കളീയ്ക്കൽ, ടോമിച്ചൻ അയ്യരുകുളങ്ങര**
**ടോമിച്ചൻ ആലഞ്ചേരി** (കൈക്കാരന്മാർ)

## സൺഡേസ്കൂൾ റിപ്പോർട്ട്

മിശിഹാ രഹസ്യങ്ങളുടെ കൈമാറലാണ് വിശ്വാസപരിശീലനവേദി. വഴിയും സത്യവും ജീവനുമായ മിശിഹായെ അടുത്തറിയാനും അനുഗമിക്കാനുമുള്ള പരിശീലനകളരിയായി സൺഡേസ്കൂൾ പഠനം കുട്ടികളിൽ മാറുന്നു.

### തിരുബാലസഖ്യം

കുഞ്ഞുങ്ങൾക്ക് ചെറുപ്രായത്തിൽ തന്നെ ദൈവാലയത്തോട് ബന്ധം പുലർത്താനും ഈശോ ആരെന്ന് പഠിപ്പിക്കുക എന്ന ഉദ്ദേശത്തോടെ നമ്മുടെ സ്കൂളിൽ കഴിഞ്ഞവർഷം മുതൽ സജീവമായി പ്രവർത്തിച്ചുവരുന്ന ഒരു സംഘടനയാണ് തിരുബാലസഖ്യം. എല്ലാ ഞായറാഴ്ചയിലും 9:30 ന്റെ വി. കുർബാനയ്ക്ക് മാതാപിതാക്കൾ മൂന്നര വയസുമുതൽ 6 വയസ്സുവരെയുള്ള കുട്ടികളെ കൊണ്ടുവരുകയും സി. ആനി ജോർജ്, പൗളിൻ ടീച്ചർ എന്നിവർ മീഡിയാ സെന്ററിൽ കുട്ടികളെ ഒന്നിച്ചിരുത്തി പ്രാർത്ഥിപ്പിക്കുകയും കൊച്ചുകഥകളും പാട്ടുകളും പഠിപ്പിക്കുന്നത് ഒത്തിരി രസകരമായ കാഴ്ചയാണ്. ഡിസംബർ മാസത്തിൽ ഉണ്ണീശോയെ വരവേല്ക്കുന്നതിന്റെ ഭാഗമായി ഉണ്ണിക്കുറികൾ എടുക്കുകയും പരസ്പരം പ്രാർത്ഥിക്കുകയും



സമ്മാനങ്ങൾ നൽകുകയും പുൽക്കൂടിന് ജീവനുള്ളതാക്കി സ്കിറ്റ്, ക്രിസ്മസ് കരോൾ, കേക്കുമുറിക്കൽ എന്നിവ നടത്തി. കുട്ടികളെ കുരിശുവരയ്ക്കാൻ പഠിപ്പിക്കുക, കൊച്ചുകുട്ടിക്കഥകൾ പഠിപ്പിക്കുക, അതിലൂടെ കുട്ടികളുടെ ചിന്തകൾ ഈശോയിലേയ്ക്ക് വളർത്തി. ഫെബ്രുവരി 11 ന് കെ.സി.ബി.സി. തിരുബാലസഖ്യദിനമായി ആചരിക്കുന്നു. ‘‘കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ. കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ’’ എന്ന ആപ്തവാക്യം സ്വന്തമാക്കി പരിശുദ്ധ അമ്മയെ മാതൃകയാക്കി അമ്മയുടെ മടിത്തട്ടിലിരുന്ന് കുട്ടികൾ പ്രാർത്ഥനയുടെ ബാലപാഠങ്ങൾ പഠിക്കുകയും കളിയിലൂടെയും ചിരിയിലൂടെയും പാട്ടിലൂടെയുമൊക്ക തിരുബാലസഖ്യദിനം ആചരിച്ചു.

**ക്രിസ്മസ് സെലിബ്രേഷൻ**

ഉണ്ണീശോയെ വരവേൽക്കാൻ കുട്ടികൾ എല്ലാ ദിവസവും പരി. കുർബാനയിൽ പങ്കുകൊണ്ടും, നോമ്പുനോക്കിയും വാട്ട്സാപ്പ് ഗ്രൂപ്പിലൂടെ നല്ല ചിന്തകൾ പങ്കുവച്ചും ആത്മീയമായി ഒരുങ്ങി. പലതരം ചായക്കൂട്ടുകൾകൊണ്ട് ക്രിസ്മസ് കാർഡ് ഉണ്ടാക്കിയും ഉണ്ണീശോയ്ക്ക് ഏറെ സ്നേഹത്തോടെ കത്ത് എഴുതിയും ഡിസംബർ 23-ാം തീയതി ഭവനങ്ങളിൽ പുൽക്കൂട് ഒരുക്കിയും പാതിരാകുർബാനയ്ക്ക് ശേഷം സൺഡേസ്കൂൾ കുട്ടികളും അദ്ധ്യാപകരും ചേർന്ന് ക്രിസ്മസ് നൈറ്റ് പ്രോഗ്രാം നടത്തിയും ഗിഫ്റ്റ് കൈമാറിയും ക്രിസ്മസ് കേക്ക് മുറിച്ചും തിരുപിറവിയുടെ സന്ദേശം മാനവകുലത്തിന് നൽകി.

## Race 2 IAS

കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളിലൂടെയും, ചിട്ടയായ പരിശീലനത്തിലൂടെയും സമൂഹത്തിനും രാജ്യത്തിനും നേതൃത്വം നൽകുന്ന മിടുക്കരായ വ്യക്തികളെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച ഒന്നാണ് Race 2IAS. അതിരൂപതയുടെ നേതൃത്വത്തിൽ സൺഡേസ്കൂളിലൂടെ തുടക്കംകുറിച്ച് ഈ കർമ്മപരിപാടി നമ്മുടെ ഏതാനും കുട്ടികൾ പങ്കുചേരുകയും മാതാപിതാക്കളുടെ പിന്തുണയും പ്രോത്സാഹനനും ലഭിച്ച കുട്ടികൾ പ്രിലിമിനറി എക്സാം ക്ലിയർ ചെയ്തു. ഏബൽ, ശ്രേയ, സിനോയി, ആൻഡ്രിയ, ബെനഡിക്ട് വട്ടക്കളം എന്നിവർക്ക് അഭിനന്ദനങ്ങൾ!

**മിഷൻലീഗ് ടൂർ**

മിഷൻലീഗിലെ സജീവപ്രവർത്തകരായ 45 കുട്ടികളും അധ്യാപരും ചേർന്ന് ഒരു ഹാഫ് ഡേ ടൂർ നടത്തി. ചമ്പക്കുളം ബസിലിക്ക, അർത്തിങ്കൽ പള്ളി, ആലപ്പുഴ ബീച്ച് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. 9:30 ഓടെ തിരിച്ചെത്തി.

## Messeleagu Election 2023-24

വ്യക്തിത്വവികാസം, പ്രേഷിതപ്രവർത്തനം, ദൈവവിളി പ്രോത്സാഹനം എന്നീ ലക്ഷ്യത്തോടെ മുന്നേറിക്കൊണ്ടിരിക്കുന്ന കത്തീഡ്രൽ യൂണിറ്റിലെ കുഞ്ഞുമിഷനറിമാർ ഈ വർഷം സൺഡേസ്കൂളിനോട് ചേർന്ന് ധാരാളം പ്രവർത്തനങ്ങൾ ചെയ്തു. മിഷൻലീഗിന്റെ തുടർ

പ്രവർത്തനങ്ങൾക്കായി നേതൃത്വനിരയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടവർ:

പ്രസിഡന്റ് - ഫിലിപ്പ് മാർട്ടിൻ, വൈസ്പ്രസിഡന്റ് - ഏയ്ഞ്ചലീന അൽഫോൻസ ജിൻസൺ, സെക്രട്ടറി - അലക്സ് കെ. മാർട്ടിൻ, ജോയിന്റ് സെക്രട്ടറി - അലിഡാ ബെജി എന്നിവർക്കും എല്ലാ വാർഡുകളിൽനിന്നു തിരഞ്ഞെടുത്ത പ്രതിനിധികൾക്കും അഭിനന്ദനങ്ങളും പ്രാർത്ഥനയും നേരുന്നു. കഴിഞ്ഞവർഷങ്ങളിൽ നമ്മുടെ സംഘടനയെ വളർത്തിയ എല്ലാ ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ഒപ്പം ചങ്ങനാശേരി മേഖലയുടെ ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുത്ത ഏയ്ഞ്ചലിനാ അൽഫോൻസാ ജിൻസണിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**സൺഡേസ്കൂൾ എക്സാം**

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി ഈ വർഷത്തെ സെക്കന്റ് ടേം എക്സാം ഫെബ്രുവരി 4-ാം തീയതി നടന്നു. 98% കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു.

**ക്വിസ് മത്സരങ്ങൾ**

ഫാ. ആന്റണി മാന്നില മെമ്മോറിയൽ ബൈബിൾ ക്വിസ്മത്സരത്തിൽ സ്റ്റെഫി സോജി, ജോയേൽ ജോ ജോസഫ് അഞ്ചാം സ്ഥാനവും, സണ്ണി വൈശിന്റേടം മെമ്മോറിയൽ ക്വിസ്മത്സരത്തിൽ അന്നമോൾ മാർട്ടിൻ & സ്റ്റെഫി സോജി രണ്ടാം സ്ഥാനവും, പാറേൽപള്ളിയിൽ വച്ചുനടന്ന ലിറ്റർജിക്കൽ ക്വിസിൽ അന്നമോൾ മാർട്ടിൻ, ആൻഡ്രിയ, ശ്രീമതി സിലി ജോൺ എന്നിവർക്ക് നാലാം സ്ഥാനവും ഫാ. പ്ലാസിഡ് പൊടിപ്പാറ ക്വിസ്മത്സരത്തിൽ സി. ഗ്രേസ് SABS, ശ്രീമതി സിലി ജോണി എന്നിവർക്ക് മൂന്നാം സ്ഥാനവും, കുര്യാളശേരി ക്വിസ് മത്സരത്തിൽ ജോയൽ ജോസഫ്, ശ്രേയസ്സ് സിനോയ് എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

നമ്മുടെ സൺഡേസ്കൂൾ കുടുംബത്തിൽ 10 മാസക്കാലം സേവനം ചെയ്ത് പൗരോഹിത്യപദവിയിലേയ്ക്ക് ഉയർത്തപ്പെട്ട ഫാ. റോബിൻ പുതുപ്പറമ്പിലിന് നന്ദിയും അഭിനന്ദനങ്ങളും. ഒപ്പം നമുക്കുവേണ്ടി ബ്രദർ വർഗീസിനും ബ്രദർ ക്രിസ്റ്റിയ്ക്കും സൺഡേസ്കൂൾ കുടുംബത്തിന്റെ പേരിലുള്ള നന്ദിയും പ്രാർത്ഥനയും ആശംസിക്കുന്നു.

## കത്തീഡ്രൽ മാതൃ-പിതൃവേദി

ഇടവകയെന്ന തായ്ത്തണ്ടിനോട് പറ്റിച്ചേർന്ന് അതിരൂപതയുടേയും ഫൊറോനയുടേയും നിയമങ്ങളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന സംഘടനയാണ് 'കത്തീഡ്രലിലെ അമ്മമാർ' എന്നറിയപ്പെടുന്ന കത്തീഡ്രൽ മാതൃവേദി. ഇടവകയിലെ ഒട്ടുമിക്ക അമ്മമാരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി എല്ലാ കാര്യങ്ങളിലും ഈ അമ്മമാരുടെ സാന്നിദ്ധ്യവും സഹകരണവും ഇടവകയിൽ എപ്പോഴും ഉണ്ട്. കഴിഞ്ഞ മാസങ്ങളിൽ നടന്ന പ്രത്യേകമായി പറഞ്ഞാൽ ഇടവകയിലെ 'മകരം തിരുന്നാൾ' ഏറ്റം ഭംഗിയായി നടക്കുന്നതിൽ ഈ

സംഘടനാംഗങ്ങളുടെ സജീവസാന്നിധ്യം ഉണ്ടായിരുന്നു. മുത്തുക്കുട കളേന്തി അണിനിരന്ന അമ്മമാരുടെ നിര തിരുന്നാളിന് മോടികൂട്ടി. കഴുന്നു നേർച്ച എടുത്തു കൊടുക്കുന്നതിനും നേർച്ചവിതരണത്തിനുമായി അമ്മമാർ സമയം ക്രമീകരിച്ച് പള്ളിയിൽ എത്തി വേണ്ടവിധത്തിൽ സഹ കരിച്ചു. അതിരൂപതാ ബൈബിൾ കൺവൻഷന്റെ ഭാഗമായി എല്ലാ ദിവ സവും യൂണിറ്റിലെ അംഗങ്ങൾ വോളന്റിയർമാരായി പ്രവർത്തിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനും പൗരോഹി ത്യത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷിച്ച പെരുന്തോട്ടം പിതാവി നും പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി ആഘോഷിച്ച തറയിൽ പിതാവിനും മറ്റു വൈദികസമൂഹത്തിനും കൺവെൻഷൻ നഗറിലേയ്ക്ക് സ്വീകരണം കൊടുത്താനയിക്കാൻ മുത്തുക്കുടകളേന്തി അണിനിരന്ന അമ്മമാരുടെ നീണ്ടനിര വർണശബളമായി. ഫൊറോനയുടെ നിർദേശ പ്രകാരം യൂണിറ്റുകളിൽ നടത്തിയ പ്രൊലൈഫ് പ്രാർത്ഥനാകൂട്ടായ്മ മാതൃവേദി അമ്മമാരുടെ സാന്നിദ്ധ്യത്തിൽ 23.2.24 വെള്ളിയാഴ്ച 9:30 ന് ജപമാലയോടുകൂടി ആരംഭിച്ച് വിശുദ്ധ കുമ്പസാരവും പരി. കുർബാ നയും പ്രത്യേക പ്രാർത്ഥനയും നടത്തി. ഉച്ചയ്ക്ക് ഒരുമണിയോടുകൂടി നേർച്ചക്കഞ്ഞിയും നല്കി സമാപിച്ചു. തുടർന്നും നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും നടക്കുന്ന തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ എത്തുന്ന വിശ്വാസികൾക്ക് നേർച്ചക്കഞ്ഞി തയ്യാറാക്കി കൊടുക്കുന്നതി നും അതിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനും അമ്മമാർ ഉത്സു കരായി പ്രവർത്തിക്കുന്നു. കോളജ് ക്യാമ്പസുകളിൽ അഴിച്ചുവിടുന്ന 'അക്രമരാഷ്ട്രീയം' നിയമം മൂലം നിരോധിക്കുന്നതിനും വന്യമൃഗങ്ങളു ടെ ആക്രമണങ്ങളിൽ പൊഴിഞ്ഞുപോകുന്ന 'നിഷ്കളങ്ക ജീവനുകൾ' സംരക്ഷിക്കുന്നതിനുംവേണ്ടി കത്തീഡ്രൽ 'യുവദീപ്തി'യോടുചേർന്ന് 'കത്തീഡ്രൽ മാതൃപിതൃവേദി' നടത്തിയ സംയുക്ത പ്രതിഷേധത്തിൽ 'പന്തംകൊളുത്തി' പ്രതിഷേധിക്കുന്നതിന് കത്തീഡ്രലിലെ അമ്മമാർ മുൻനിരയിൽ തന്നെയുണ്ടായിരുന്നു. ഇതിനെല്ലാം പുറമേ ഇടവകയിലെ എല്ലാ സംഘടനകളോടും ചേർന്ന് വേണ്ടരീതിയിൽ 'മാതൃവേദി' സംഘടന പ്രവർത്തിച്ചുവരുന്നു. ഇതിനെല്ലാം ഞങ്ങൾക്ക് പിന്തുണ നല്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട വികാരിയച്ചനും ഞങ്ങളുടെ ഡയറക്ടച്ചനും ആനിമേറ്റർ സിസ്റ്ററിനും എല്ലാറ്റിനും ഉപരിയായി സർവ്വശക്തനായ ദൈവത്തിനും നന്ദിയും കടപ്പാടും അറിയിക്കുന്നു.

**യാത്രയയപ്പ്**

കഴിഞ്ഞ ഒരു വർഷക്കാലം ഞങ്ങളോടൊപ്പം ആയിരുന്ന് സംഘടനയെ നയിച്ച ഞങ്ങളുടെ പ്രിയപ്പെട്ട ജസ്റ്റിൻ തൈക്കളം അച്ചന് യാത്രയയപ്പു നല്കുകയും സ്നേഹസമ്മാനം നല്കി. പുതിയ സ്ഥലത്തേയ്ക്ക് കൊണ്ടുവിടുവാനും ഞങ്ങൾക്ക് സാധിച്ചു.

**സ്വാഗതം**

ഞങ്ങളുടെ യൂണിറ്റിന്റെ ഡയറക്ടറായി ചുമതലയേറ്റ പ്രിയപ്പെട്ട ടോജോ പുളിയ്ക്കപടവിലച്ചന് യൂണിറ്റംഗങ്ങൾ ചേർന്ന് സ്വീകരിച്ച് സ്വാഗതം അർപ്പിച്ചു.

## കുടുംബകൂട്ടായ്മ - ബൈബിൾ അപ്പസ്തോലേറ്റ്

കുടുംബകൂട്ടായ്മകൾ ഊർജ്ജസ്വലതയുടെ അടയാളങ്ങളാണ്. ഇടവക സജീവമാകണമെങ്കിൽ കൂട്ടായ്മലീഡേഴ്സ് ഈ ബോദ്ധ്യമുള്ളവരാകണം. കൂട്ടായ്മകൾ ചലനാത്മകമാക്കണം.

**ബൈബിൾ കൺവെൻഷൻ**

വിശ്വാസചൈതന്യത്തിൽ പുത്തൻ ആത്മീയാനുഭവങ്ങൾ സമ്മാനിച്ച്, പുതിയ പെന്തക്കുസ്താ അനുഭവമായി 25-ാമത് ചങ്ങനാശേരി അതിരൂപതാ ബൈബിൾ കൺവെൻഷൻ. അമ്പൂരി മുതൽ അതിരമ്പുഴ വരെയും മണിമല മുതൽ മുഹമ്മവരെയുള്ള അതിരൂപതയിലെ 18 ഫൊറോനയിൽനിന്നും പുറമേനിന്നും ജനങ്ങൾ ഒഴുകിയെത്തി. ദൈവത്തെ ആരാധിച്ച് ഉണർവോടെ ബഹു. ഡാനിയേൽ പൂവണ്ണത്തിലച്ചൻ നയിച്ച കൺവൻഷനിലൂടെ ദൈവവനം ശ്രവിച്ചു. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും നാം സാക്ഷ്യം വഹിക്കുന്നവരാകണമെന്നും ദൈവരാജ്യത്തിന്റെ സുവിശേഷം സ്നേഹത്തിൽ സുവിശേഷമാണെന്നും പരിശുദ്ധ കുർബാന സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ഒരുമയുടേയും കൂദാശയാണെന്ന് സഭാത്മകമായ ബോധ്യം വളർത്തുവാൻ ബൈബിൾ കൺവെൻഷനിലൂടെ കഴിയണമെന്നും അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ബോധിപ്പിച്ചു. വിശ്വാസസാഗരമായി ചങ്ങനാശേരി അതിരൂപതാ കൺവെൻഷൻ. ഫെബ്രുവരി 14-18 വരെ തീയതികളിൽ ഗ്രോട്ടോ മൈതാനിയിൽ നടന്ന ബൈബിൾ കൺവെൻഷനിൽ പതിനായിരങ്ങൾ പങ്കെടുത്തു. അടുക്കും ചിട്ടയുമായി എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിച്ച വിവിധ കമ്മിറ്റികൾ, എല്ലായിടത്തും ഇടവക കുടുംബകൂട്ടായ്മയുടെയും സംഘടനകളുടെയും സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതി തിരുപ്പിറവിയുടെ മഹാജൂബിലിക്ക് ഒരുക്കമായി പ്രഖ്യാപിച്ച കേരളസഭാനവീകരണം ആദ്യവർഷത്തിന്റെ സമാപനവും യുവജനവർഷ ഉദ്ഘാടനവും സീനിയർ സിറ്റിസൺ സംഗമവും അതിരൂപതാ ബൈബിൾ കൺവൻഷനോടൊപ്പം നടന്നു. കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് ബസ് ക്രമീകരണങ്ങൾ, വിവിധ സ്ഥലങ്ങളിലായിരുന്ന പാർക്കിംഗ്, ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ള വിതരണം, ഫസ്റ്റ് എയ്ഡ്, സർവ്വോപരി എല്ലാ മേഖലയിലും സംഘടനകൾ- കുടുംബക്കൂട്ടായ്മാംഗങ്ങൾ നൽകി നേതൃത്വം വളരെ ശ്ലാഘനീയമാണ്.

**നൂറുമേനി**

ചങ്ങനാശേരി അതിരൂപതാ ബൈബിൾ അപ്പസ്തൊലേറ്റ്-കുടുംബ ബൈബിൾ വചന മനഃപാഠമത്സരം ആരംഭിച്ചു. 2024 ഫെബ്രുവരി 25 ഞായർ നവമശതാബ്ദി ഹാളിൽ നടന്ന ഒന്നാംഘട്ട മത്സരത്തിന്റെ ഉദ്ഘാടനം കത്തീഡ്രൽ വികാരി പെരിയ ബഹു. ജോസ് കൊച്ചുപറമ്പിലച്ചൻ ഉദ്ഘാടനം ചെയ്തു. ഇനിയും എഴുതാൻ താൽപര്യമുള്ളവർക്കുവേണ്ടി ഏപ്രിൽ 7-ാം തീയതി ഞായറാഴ്ച ഒരിക്കൽകൂടി മത്സരം നടത്തുന്നു. താൽപര്യമുള്ളവർ ബഹുമാനപ്പെട്ട അച്ചന്മാരുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുകയാണ്. നമ്മുടെ ഇടവ



കയിൽ നടന്ന 'നൂറുമേനി' വചനപഠനമത്സരത്തിൽ നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. പങ്കെടുത്തവർ വറെ ഒരുക്കത്തോടെ തീക്ഷ്ണതയോടെ പങ്കെടുത്തു എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ് എന്നതിലുപരി മറ്റുള്ളവർക്ക് പ്രചോദനം കൂടിയായി. വ്യക്തിപരമായി 100 മാർക്കും കുടുംബപരമായി 200 മാർക്കും നേടിയവർക്ക് അടുത്ത ഘട്ട മത്സരത്തിൽ പങ്കെടുക്കാനും നൂറുമേനി മെഗാസമ്മാനത്തിനും അർഹത ഉണ്ടായിരിക്കും. ഏപ്രിൽ 14 ഞായർ ഫൊറോനാതലമത്സരങ്ങൾ ആരംഭിക്കുന്നു. ഗ്രാൻഡ് ഫിനാലേ മെയ് 11 ശനിയാഴ്ച നടക്കും. ഇടവകയിലെ എല്ലാ കുടുംബങ്ങളെയും നൂറുമേനി-വചനപഠനത്തോട് താൽപര്യത്തോടെ സഹകരിക്കുന്നതിനും അത് ജീവിതത്തിൽ പകർത്തുന്നതിനുമുള്ള പരിശുദ്ധ കൃപ ലഭിക്കാൻ പ്രാർത്ഥിക്കാം. ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം, തൃക്കൊടിത്താനം ഫൊറോനയുടെ ആഭിമുഖ്യത്തിൽ മാർച്ച് 15-ാം തീയതി വെള്ളിയാഴ്ച പരിഹാരപ്രദക്ഷിണം നടക്കുകയുണ്ടായി. ചങ്ങനാശേരി ഫൊറോനയുടെ പരിഹാരപ്രദക്ഷിണം അന്നേദിവസം 5:30 pm ന് കത്തീഡ്രൽ പള്ളി വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിലിന്റെ നേതൃത്വത്തിൽ പാറേൽപള്ളിയിലേക്ക് നടന്നു. കൂട്ടായ്മാംഗങ്ങളും വിവിധ സംഘടനകളും നേതൃത്വം നൽകിയ പരിഹാരപ്രദക്ഷിണത്തിൽ ധാരാളം ആളുകൾ പങ്കെടുത്തു.

**മാർ പവ്വത്തിൽ അനുസ്മരണം**

ചങ്ങനാശേരി അതിരൂപതയുടെ മുൻ അദ്ധ്യക്ഷനും ഭാരതകത്തോലിക്കാസഭയുടെ ആത്മീയതേജസും അഭിമാനതാരകവുമായിരുന്ന ആർച്ച് ബിഷപ് മാർ പവ്വത്തിൽ നിത്യതയിലേക്ക് പ്രവേശിച്ചു. 2024 മാർച്ച് 18 ന് ഒരാണ്ട് പൂർത്തിയാകുന്നു. ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് മാർച്ച് 17 ന് വൈകുന്നേരം 4:30 ന് അതിരൂപതാഭവനത്തിൽനിന്നും കത്തീഡ്രൽ കബറിടപ്പള്ളിയിലേക്ക് അനുസ്മരണപ്രയാണം നടത്തി. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്ത അനുസ്മരണപ്രയാണത്തിന് കത്തീഡ്രൽ വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ ആമുഖപ്രഭാഷണം നടത്തി. മാർച്ച് 18 ന് അനുസ്മരണദിനങ്ങൾ നടന്ന സിമ്പോസിയത്തിലും, പരിശുദ്ധ കുർബാനയിലും ഒപ്പീസിലും സ്നേഹവിരുന്നിലും ധാരാളം ദൈവജനം പങ്കെടുത്തു.

**Colour A Home** – കവറുകളും ഫോമുകളും കൂട്ടായ്മലീഡേഴ്സ് അതതു കൂട്ടായ്മയിൽ എത്തിച്ചിട്ടുണ്ട്. തിരികെ ഓഫീസിൽ എത്തിക്കേണ്ട സമയം ആയിരിക്കുന്ന കാര്യം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ്.

40-ാം വെള്ളിദിനത്തിൽ മാർച്ച് 22-ാം തീയതി വൈകുന്നേരം പതിവുപോലെ നമ്മുടെ പള്ളിയിൽനിന്നും ചന്തക്കടവ് ചുറ്റി വി.കുരിശിന്റെ വഴി പള്ളിയിൽ എത്തി നേർച്ചക്കഞ്ഞിയോടെ സമാപിക്കുകയും ചെയ്തു..

മാസത്തിലെ ആദ്യവെള്ളിയാഴ്ചകളിൽ കിടപ്പുരോഗികൾക്ക് പരിശുദ്ധ കുർബാന ഭവനങ്ങളിൽ നൽകുകയും ചെയ്യുന്നു.

**ജോബി തൂമ്പുങ്കൽ** (ജനറൽ കൺവീനർ)

## കത്തോലിക്കാ കോൺഗ്രസ്

അതിരൂപതാ തലത്തിൽ ഇലക്ഷൻ പ്രഖ്യാപിച്ചിരിക്കുകയാണ്. മാർച്ച് 15 വരെ മെമ്പർഷിപ്പ് ആചരണം നടത്തിവരുന്നു. തുടർന്ന് 25.3.20204ൽ ഇലക്ഷൻ നടന്നു. കത്തീഡ്രൽ ശാഖയിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ള മുഴുവൻ പേരും അംഗത്വം എടുത്ത് ഈ സമുദായ സംഘടനയെ ശക്തിപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. മകരം തിരുനാൾ അവസരത്തിൽ മുഴുവൻ എകെസിസി പ്രവർത്തകരും സജീവമായി പങ്കെടുത്തു.

ബൈബിൾ കൺവെൻഷനിൽ എകെസിസി അംഗങ്ങൾ സ്തോത്രകാഴ്ച എടുക്കുന്നതിലും കുടിവെള്ളവിതരണം ചെയ്യുന്നതിലും സജീവമായി പങ്കെടുത്തു.

**ടോമിച്ചൻ അയ്യരുകുളങ്ങര** (പ്രസിഡന്റ്)

**ജോസി കല്ലുകളം** (സെക്രട്ടറി)

## മദ്യവിരുദ്ധ സമിതി കത്തീഡ്രൽ ശാഖ

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി കത്തീഡ്രൽ പള്ളിയിൽ നടന്ന ചടങ്ങിൽ വികാരി ജോസ് കൊച്ചുപറമ്പിൽ ദീപം തെളിയിച്ചു ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. വർഗ്ഗീസ് പുളിക്കപ്പെടവിലിന്റെ സാന്നിദ്ധ്യത്തിൽ പ്രസിഡന്റ് സിന്നിച്ചൻ ചക്കുപുരയ്ക്കൽ എല്ലാവർക്കും ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അതിരൂപതാ ഭാരവാഹികളും യൂണിറ്റ് ഭാരവാഹികളും എല്ലാ അംഗങ്ങളും ഇടവക കുടുംബങ്ങളുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. നമ്മുടെ അതിരൂപതാ കൺവൻഷനോടനുബന്ധിച്ച് ഫാ. ഡാനിയേൽ പൂവണ്ണത്തിൽ അച്ചന്റെ നേതൃത്വത്തിൽ പ്രസിഡണ്ട് സിന്നിച്ചൻ ചക്കുപുരയ്ക്കന്റെ നേതൃത്വത്തിൽ എല്ലാ അംഗങ്ങളും വോളണ്ടിയർമാരായി സേവനം ചെയ്യുകയും എല്ലാ കുടുംബാംഗങ്ങളും പങ്കെടുക്കുകയും ചെയ്തു. എല്ലാ മാസവും അംഗങ്ങളുടെ കുടുംബത്തിൽ പ്രാർത്ഥനാകൂട്ടായ്മ നടക്കുന്നുണ്ട്. IMS ധ്യാനകേന്ദ്രത്തിൽ പ്രസിഡണ്ട് സിന്നിച്ചൻ ചക്കുപുരയ്ക്കലിന്റെ നേതൃത്വത്തിൽ ധ്യാനത്തിനു കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം വെഞ്ഞാറമൂട് പാസ്റ്ററർ സെന്ററിൽ ഫാ. ജോഷി മഠത്തിപ്പറമ്പിലിന്റെ ധ്യാനത്തിന് വൈസ് പ്രസിഡണ്ട് ബിജു കൊച്ചുപുരയ്ക്കലിന്റെ നേതൃത്വത്തിൽ അംഗങ്ങൾ പങ്കെടുക്കുകയും മാർച്ച് മാസത്തിലെ കുടുംബകൂട്ടായ്മ ബോബി ചേച്ചോട്ടിന്റെ വസതിയിൽവച്ച് നടത്താൻ തീരുമാനിച്ചു.

**സിന്നിച്ചൻ ചക്കുപുരയ്ക്കൽ** (പ്രസിഡണ്ട്)

## കെ.എൽ.എം.

ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ കീഴിൽ 13 സംഘടനകളിലായി ഏതാണ്ട് 200നടുത്ത് അംഗങ്ങൾ കെ.എൽ.എം.ൽ പ്രവർത്തിക്കുന്നു. എല്ലാ സംഘങ്ങളിലും എല്ലാ ആഴ്ചയിലും കൃത്യസമയത്ത് പ്രാർത്ഥനയോടുകൂടി മീറ്റിംഗ് ആരംഭിക്കുകയും ചെയ്യുന്നു. ഓരോ

സംഘത്തിന്റെയും പ്രസിഡണ്ട്, സെക്രട്ടറി, ഖജാൻജി എന്നിവരടങ്ങിയ എല്ലാ സംഘത്തിന്റെയും ഭാരവാഹികൾ ഉൾപ്പെട്ട യൂണിറ്റ് കോ-ഓർഡിനേഷൻ കമ്മറ്റി യു.സി.സി. കൂടി ഓരോ മാസത്തെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങളെപ്പറ്റി ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ഓരോ മാസത്തെയും യു.സി.സി.യുടെ റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിക്കുകയും കോഓർഡിനേറ്റർ അദ്ധ്യക്ഷത വഹിക്കുകയും ഖജാൻജി അതാത് മാസത്തെ കണക്കുകൾ അവതരിപ്പിക്കുകയും ചെയ്യുന്നു. ആനുകാലികമായ എല്ലാ കാര്യങ്ങളും ചർച്ചചെയ്യുകയും ചർച്ചയിൽ പങ്കെടുത്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. യു.സി.സി. യുടെ നേതൃത്വത്തിൽ കെ.എൽ.എം. പതാകദിനവും, മെയ്ദിനറാലിയും വളരെ മനോഹരമായി നടത്തി. പള്ളിയുടെ എല്ലാ പ്രവർത്തനങ്ങളിലും അതിരൂപതാ ബൈബിൾ കൺവൻഷനിലും കെ.എൽ.എം. സജീവസാന്നിദ്ധ്യമായി നിലകൊള്ളുന്നു. കെ.എൽ.എം. യൂണിറ്റ് മുൻഡയറക്ടർ ജസ്റ്റിൻ തൈക്കളം അച്ചന് നന്ദി അറിയിക്കുന്നതോടൊപ്പം കെ.എൽ.എം. യൂണിറ്റ് ഡയറക്ടർ ആയി ചാർജ് എടുത്തിരിക്കുന്ന ജെറിൻ കാവനാട്ട് അച്ചന് സ്വാഗതം ആശംസിക്കുകയും ചെയ്യുന്നു. കെ.എൽ.എംന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവരും നൽകുന്ന പിന്തുണയ്ക്ക് നന്ദി.

**ബിനേഷ് കരിയാടിപറമ്പിൽ**
കോഓർഡിനേറ്റർ

**ഡാനി തോമസ്**
സെക്രട്ടറി

**ബിജു കൊച്ചുപുരയ്ക്കൽ**
ഖജാൻജി

## കത്തീഡ്രൽ യുവദീപ്തി

2023 ഡിസംബർ മാസത്തോടുകൂടി പഴയ ഭരണസമിതിയുടെ കാലാവധി പൂർത്തിയാക്കുകയും ഡിസംബർ മാസം 17-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്കുശേഷം കത്തീഡ്രൽ യുവദീപ്തിയുടെ 2024 പ്രവർത്തനവർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടക്കുകയുണ്ടായി.

പ്രസിഡന്റ് - കാർമൽ ജോബി മാത്യു, സ്നേഹാ സുനിൽ
സെക്രട്ടറി - അരുൺ ടോം തോപ്പിൽ, ബാല ജോർജ്ജ് പാലത്തിങ്കൽ
കൗൺസിലർ - ജോയൽ ജോബി, ടീനാ ജോസഫ്
ട്രഷറർ - എബിൻ ആന്റോ മാർട്ടിൻ, കാതറിൻ അലക്സ്
ജോയിന്റ് സെക്രട്ടറി - ജിസ്സ് ജിജി, ഏയ്ഞ്ചൽ സിബി
വൈസ് പ്രസിഡന്റ് - ആൽബിൻ ഡൊമിനിക്, ജെമി ഔസേപ്പ്
കരിയർ കോർഡിനേറ്റർ - റോഹൻ റോയി, സ്വീറ്റി സോജി
മീഡിയ കോർഡിനേറ്റർ - റ്റിബിൻ ജോസഫ്, ജിസാ ആൻ സിജോ
എക്സിക്യൂട്ടീവ് മെമ്പർ - ജേക്കബ് സിബി, ജോയൽ ജിജി, സാനിയ ബെന്നി, സാന്ദ്ര ജെയിംസ്, മെൽവിൻ ജോസഫ്

**ക്രിസ്മസ് വില്ലേജ്**

കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ മനോഹരമായ ക്രിസ്മസ് വില്ലേജ് നിർമ്മിക്കുകയുണ്ടായി. സാന്റാക്ലോസിന്റെ സ്ലെഡ്ജ്,



ഫോട്ടോ പോയിന്റ്, സ്നോ മാൻ തുടങ്ങിയ നിരവധി ആകർഷകമായ വസ്തുക്കൾ ഉണ്ടായിരുന്നു. LED ലൈറ്റ് ഉപയോഗിച്ചുള്ള പടുകൂറ്റൻ ക്രിസ്മസ് ട്രീ ആയിരുന്നു ക്രിസ്മസ് വില്ലേജിന്റെ ഹൈലൈറ്റ്. കത്തീഡ്രൽ യുവദീപ്തിയുടെ ഡയറക്ടർ ഫാ. ടോജോ പുളിക്കപ്പടവിൽ, ഫാ. ജസ്റ്റിൻ തൈക്കളം, യുവദീപ്തി പ്രസിഡന്റ് കാർമൽ ജോബി മാത്യു എന്നിവരുടെ നേതൃത്വത്തിൽ ആണ് ക്രിസ്മസ് വില്ലേജ് നിർമ്മിച്ചത്.

**ഗ്ലോറിയ 2024**

കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ഗ്ലോറിയ കരോൾ ഗാനമത്സരം ഡിസംബർ 25-ാം തീയതി ക്രിസ്മസ് ദിനത്തിൽ വൈകുന്നേരം കത്തീഡ്രൽ പള്ളി അങ്കണത്തിൽ നടത്തുകയുണ്ടായി.

**ദനഹാ പിണ്ടികുത്തി തിരുനാൾ**

കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ജനുവരി 5-ാം തീയതി പിണ്ടികുത്തി തിരുനാൾ ആചരിക്കുകയുണ്ടായി. വൈകുന്നേരം റംശായ്ക്കുശേഷം ബഹു. വികാരിയച്ചൻ ജോസ് കൊച്ചുപറമ്പിൽ ദൈവാലയ മദ്ധ്യത്തിൽ പ്രത്യേകമായി അലങ്കരിച്ചുവച്ച് പിണ്ടിയിൽ ദീപം തെളിയിക്കുകയും തുടർന്ന് ഡയറക്ടർ ഫാ. ടോജോ പുളിക്കപ്പടവിൽ, പ്രസിഡന്റ് കാർമൽ ജോബി മാത്യു എന്നിവർ ദീപം തെളിയിക്കുകയുണ്ടായി.

**സത്യപ്രതിജ്ഞ, പ്രവർത്തനവർഷ ഉദ്ഘാടനം**

കത്തീഡ്രൽ യുവദീപ്തിയുടെ 2024 പ്രവർത്തനവർഷത്തെ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും, പ്രവർത്തനവർഷ ഉദ്ഘാടനവും 2024 ജനുവരി 14 ഞായറാഴ്ച ഉച്ചയ്ക്ക് 3.30 ന് മീഡിയ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ബഹു വികാരിയച്ചൻ ജോസ് കൊച്ചുപറമ്പിൽ നിയുക്ത ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലി കൊടുക്കുകയും പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

**ഇടവകയിലെ യുവജനദിന ആചരണം**

മകരം തിരുനാളിനോടനുബന്ധിച്ച് 19.01.2024 വെള്ളിയാഴ്ച ഇടവകയിൽ യുവജനദിനമായി ആചരിച്ചു. വൈകുന്നേരത്തെ പരിശുദ്ധ കുർബാന പ്രത്യേകമായി യുവജനങ്ങൾക്കുവേണ്ടിയുള്ളതായിരുന്നു. കുർബാനയ്ക്കുശേഷം യുവജനങ്ങൾക്കായി പ്രത്യേക പ്രാർത്ഥനയും ആശീർവാദവുമുണ്ടായിരുന്നു. പരിശുദ്ധ കുർബാനയ്ക്കും ആശീർവാദ

പ്രാർത്ഥനകൾക്കും അഭിവന്ദ്യ മാർ തോമസ് പാടിയത്ത് പിതാവ് കാർമ്മികത്വം വഹിച്ചു.

കത്തീഡ്രൽ യുവദീപ്തിയുടെ ആനിമേറ്ററായി ശ്രീ. ഷിബിൻ ആന്റണി കറുകയിലിനെ വികാരിയച്ചൻ നിയമിക്കുകയുണ്ടായി. ഒരു വർഷക്കാലം കത്തീഡ്രൽ യുവദീപ്തിയുടെ ഡയറക്ടറായി പ്രവർത്തിച്ച ബഹു. ഫാ. വർഗ്ഗീസ് പുളിക്കപ്പടവിൽ ചങ്ങനാശേരി അതിരൂപത യുവദീപ്തി എസ്എംവൈഎം ന്റെ അസിസ്റ്റന്റ് ഡയറക്ടറായി ചുമതലയേറ്റു. കത്തീഡ്രൽ യുവദീപ്തിയുടെ പുതിയ ഡയറക്ടറായി ബഹു. ഫാ. ജെറിൻ കാവനാട്ട് ചുമതലയേറ്റു.

## Emoura 2k24 ഏകദിന യുവജന ബൈബിൾ കൺവെൻഷൻ

ചങ്ങനാശേരി അതിരൂപത യുവദീപ്തി എസ്എംവൈഎം ന്റെ നേതൃത്വത്തിൽ ഫെബ്രുവരി 18 ഞായറാഴ്ച മെത്രാപ്പോലീത്തൻ പള്ളി അങ്കണത്തിൽ നടന്ന ഏകദിന യുവജന ബൈബിൾ കൺവെൻഷൻ Emoura 2k24 കത്തീഡ്രൽ യുവജനമീറ്റിൽ നിന്നു മാത്രമായി ഏകദേശം 170-ഓളം യുവജനങ്ങൾ പങ്കെടുക്കുകയുണ്ടായി. ഏകദിന കൺവൻഷനിൽ പങ്കെടുത്ത 3000-ഓളം യുവജനങ്ങൾക്കു ഉച്ചഭക്ഷണം തയ്യാറായി നൽകിയതു കത്തീഡ്രൽ യുവദീപ്തി അംഗങ്ങളാണ്.

**യാത്രയയപ്പ്**

കഴിഞ്ഞ ഒരു വർഷക്കാലം കത്തീഡ്രൽ യുവദീപ്തിയോടൊപ്പം ഒരു ജേഷ്ഠസഹോദരനെപ്പോലെ നിന്ന ബഹു. ഫാ. സേവ്യർ തൈക്കളം അച്ചന് കത്തീഡ്രൽ യുവദീപ്തി യാത്രയയപ്പ് നൽകി. പ്രസിഡന്റ് കാർമ്മൽ ജോബി മാത്യു യുവദീപ്തിയുടെ പേരിലുള്ള സ്നേഹോപഹാരം നൽകുകയുണ്ടായി.

**ജപമാല അർപ്പണം**

ഏകദിന യുവജന ബൈബിൾ കൺവൻഷന്റെ വിജയത്തിനായി കത്തീഡ്രൽ യുവദീപ്തി അംഗങ്ങൾ കൊച്ചുപള്ളിയിൽ ജപമാല അർപ്പിച്ച് പ്രാർത്ഥിക്കുകയുണ്ടായി.

**ഫൊറോന പ്രവർത്തനവർഷ ഉദ്ഘാടനം**

ചങ്ങനാശേരി ഫൊറോന യുവദീപ്തി എസ്എംവൈഎം ന്റെ പ്രവർത്തനവർഷ ഉദ്ഘാടനവും പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും ചെത്തിപ്പുഴ യൂണിറ്റിൽ നടന്നു. എക്സിക്യൂട്ടീവ് മെമ്പറായി അരുൺ ടോം തോപ്പിലിനെയും, മീഡിയ കോഡിനേറ്ററായി ജോയൽ ജോബി തൂമ്പുങ്കലിനെയും തിരഞ്ഞെടുക്കുകയുണ്ടായി.

**വിവിധ ദിനാചരണങ്ങൾ**

* മദ്യവിരുദ്ധ ഞായർ * ലോക കാൻസർ ദിനം

**പ്രതിഷേധം - വന്യജീവി ആക്രമണം**

മനുഷ്യജീവൻ പുല്ലുവില കൽപ്പിക്കുന്ന സർക്കാർ സംവിധാനങ്ങൾക്ക് എതിരെ പ്രത്യേകിച്ച് വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ച് വരുന്ന ഈ

കാലഘട്ടത്തിൽ നിഷ്ക്രിയമായി നിലകൊള്ളുന്ന സർക്കാരിനെതിരെ കത്തീഡ്രൽ യുവദീപ്തി 10.3.2024ൽ പന്തം കത്തിച്ചു പ്രതിഷേധിക്കുകയുണ്ടായി.

**കലാലയ രാഷ്ട്രീയം അവസാനിപ്പിക്കുക**

ഭാവിയെ സ്വപ്നം കണ്ടു വളരുന്ന കുട്ടികളുടെയും അവരെ സ്വപ്നം കണ്ടു കഴിയുന്ന മാതാപിതാക്കളുടെ സ്വപ്നങ്ങളെയും ജീവിതത്തെയും നശിപ്പിക്കുന്ന കലാലയ ആക്രമരാഷ്ട്രീയം അവസാനിപ്പിക്കുക എന്നാവശ്യപ്പെട്ടുകൊണ്ട് കത്തീഡ്രൽ യുവദീപ്തി പ്രതിക്ഷേധിക്കുകയുണ്ടായി.

**ഒപ്പുശേഖരണം**

പെരുകുന്ന വന്യജീവി ആക്രമണം തടയാനായി സർക്കാർ സംവിധാനങ്ങൾ ഉണർന്ന് പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2000–ഓളം പേർ ഒപ്പിട്ട നിവേദനം 10.3.2024 ന് ചങ്ങനാശേരി ഫൊറോന യുവദീപ്തിയോട് ചേർന്ന് ബഹു. ചങ്ങനാശേരി എംഎൽഎ അഡ്വ. ജോബ് മൈക്കളിന് സമർപ്പിക്കുകയുണ്ടായി.

**വനിത ദിനം**

വനിതാദിനത്തിന്റെ ഭാഗമായി കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ഇടവകയിലെ വനിതകൾക്കായി 'ഷോ യുവർ ടാലെന്റ്' എന്ന പേരിൽ ഒരു പ്രോഗ്രാം നടത്തുകയുണ്ടായി. യുവദീപ്തി എസ്എംവൈഎം. അതിരൂപതാ, ഫൊറോനാ യൂണിറ്റുകളുടെ നേതൃത്വത്തിലുള്ള വനിതാദിനം പരിപാടിയിൽ കത്തീഡ്രൽ യൂണിറ്റിൽ നിന്നും 30ഓളം യുവതികൾ പങ്കെടുക്കുകയുണ്ടായി, ഫൊറോന യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ നടത്തിയ വനിത ദിനാചരണത്തിനും ചെത്തിപ്പുഴയിലുള്ള മേഴ്സിഹോമിൽ നൽകുവാൻ സാധനങ്ങൾ ശേഖരിക്കാൻവേണ്ടി ഒരു ഗിഫ്റ്റ് ബോക്സ് യൂണിറ്റിൽ സ്ഥാപിക്കുകയും ഏകദേശം 20000 ഓളം രൂപയുടെ സാധനങ്ങൾ ലഭിക്കുകയും ചെയ്തു.

**നിശാരാധന**

കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 7 മണി മുതൽ 8 മണി വരെ നിശാരാധന നടത്തപ്പെടുന്നു.

**മലയാറ്റൂർ തീർത്ഥാടനം**

കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 22 നാൽപതാം വെള്ളിയാഴ്ച മലയാറ്റൂർ തീർത്ഥാടനം നടത്തുകയുണ്ടായി. രണ്ട് ബസ്സുകളിലായി ഏകദേശം 85 ഓളം പേർ തീർത്ഥാടനത്തിൽ പങ്കെടുത്തു.

ഉത്ഥിതനായ ഈശോയുടെ വരവിനായി കാത്തിരിക്കുന്ന നമുക്ക് എല്ലാവർക്കും അവന്റെ ഉയിർപ്പിൽ പങ്കുക്കാരാക്കുവാനുള്ള ഭാഗ്യം ഈശോ നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കത്തീഡ്രൽ യുവദീപ്തിക്കുവേണ്ടി,

**അരുൺ ടോം തോപ്പിൽ** (സെക്രട്ടറി)

# ജലത്താലും ആത്മാവിനാലും

1. അഴിമുഖം അഭിലാഷ്-എലിസബത്ത് മകൻ ജോസഫ് 14.01.2024
2. നെടിയകാലാപറമ്പിൽ ഷിറിൽ-സ്റ്റിനി മകൾ അന്നാ 27.01.2024
3. പരുവംമൂട്ടിൽ അനിൽ-ജിനു മകൾ മറിയം 03.02.2024
4. ഉമാപറമ്പിൽ ഷിജോ-അനിലാമോൾ മകൻ ആന്റണി 04.02.2024
5. പുത്തൻപറമ്പിൽ പ്രതീപ്-അനു മകൾ മേരി 04.02.2024
6. കരിമറ്റം ജോബി-നിമിഷ മകൾ ട്രീസാ 04.02.2024
7. ചെറിയപറമ്പിൽ ബിബിൻ-തീർത്ഥി മകൻ ഉലഹന്നാൻ 10.02.2024
8. പാണ്ടിയാലയ്ക്കൽ കണ്ടത്തിൽ മാത്യു-കവിത മകൾ മറിയം 10.02.2024
9. അരമനപറമ്പിൽ ഷിബു-അജിത മകൻ ജോസഫ് 11.02.2024
10. അഴിമുഖം അരുൺ-ജോസ്മി മകൻ ദേവസ്യാ 11.01.2024
11. നടുവിലേപറമ്പിൽ റ്റിറ്റോ-റിജിമോൾ മകൻ ജോർജ്ജ് 14.01.2024
12. മൂലയിൽ അനൂജ്-അമീന മകൻ തോമസ് 21.01.2024
13. പാലത്തുങ്കൽ ജെറി-ആനി മകൻ തോമസ് 11.02.2024
14. ചെങ്ങാട്ട് ജെസ്സ്-അനില മകൾ ആൻ 17.03.2024

# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക കടന്തോട് സിബി-പ്രേമ മകൻ മാത്യുവും ദീപം പ്രതീപ് കുമാർ-സ്വപ്ന മകൾ ശിൽപയും തമ്മിലുള്ള വിവാഹം 09.01.2024
2. ഈ ഇടവക ആറുപറയിൽ ആന്റണി-അച്ചാമ്മ മകൻ അൽഫോൻസും മുട്ടുചിറ ഇടവക മുള്ളൻകുഴി ജോണി-ആനി മകൾ സിസിലിയും തമ്മിലുള്ള വിവാഹം 18.01.2024
3. ഈ ഇടവക നെടിയ കാലാപറമ്പിൽ ജോർജ്ജ്-ലിസി മകൻ കുര്യാക്കോസും തൊടുപുഴ ഇടവക ചെമ്പാലയിൽ ഷാജു-തുഷാര മകൾ എലിസബത്തും തമ്മിലുള്ള വിവാഹം 27.01.2024
4. ഈ ഇടവക കൊച്ചുപുരയ്ക്കൽ ജോസഫ്-കൊച്ചുറാണി മകൻ ജോസഫും മാടപ്പള്ളി ഇടവക വല്യാങ്കൽ പൂവത്താനം ജോസഫ്-സാലിമ്മ മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം 01.02.2024
5. ഈ ഇടവക പുളിയ്ക്കൽ ജിജി-ജമുന ഗലാഗാനിയും തമ്മിലുള്ള വിവാഹം 03.02.2024

6. ഈ ഇടവക പുന്നവേലിൽ ജോസഫ്-റെജി മകൻ സേവ്യറും വെട്ടിക്കൽ പുരയിടം ഇടവക വട്ടാറയിൽ തോമസ്-റോസമ്മ മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം 06.02.2024
7. ഈ ഇടവക പുതുശ്ശേരി തോമസ്-ഓമന മകൻ മാത്യുവും നർബോന പുരം ഇടവക ജോർജ്ജ്-ആനിമ്മ മകൾ മറിയവും തമ്മിലുള്ള വിവാഹം 07.02.2024
8. ഈ ഇടവക ചക്കാലയിൽ പ്രിൻസ്-ലിസി മകൻ ആന്റണിയും തൃപ്പൂണിത്തറ ഇടവക പനിച്ചിപുറത്ത് തോമസ് ഷൈനി മകൾ ആൻമേരിയും തമ്മിലുള്ള വിവാഹം 08.02.2024
9. ഈ ഇടവക വെട്ടകുളത്ത് ഗീവർഗീസ്-ഷീലാമണി മകൻ ഗീവർഗീസും കുണ്ടന്നൂർ ഇടവക അഞ്ചുതൈക്കൽ ഏയ്ഞ്ചൽ-മരിയ മകൾ അലീനയും തമ്മിലുള്ള വിവാഹം 08.02.2024
10. ഈ ഇടവക വെട്ടുകുഴിയിൽ വർഗീസ്-നിർമ്മല മകൻ ദേവസ്യായും ചേർത്തല ഇടവക ചുള്ളിയ്ക്കൽ ജോസഫ്-ആലീസ് മകൾ റോസമ്മയും തമ്മിലുള്ള വിവാഹം 11.01.2024

# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | അഴീക്കൽ ത്രേസ്യാമ്മ ചാക്കോ (86) | 10.01.2024 |
| 2. | മഞ്ചേരിക്കളം അച്ചാമ്മ വർഗീസ് (91) | 12.01.2024 |
| 3. | ചെന്നിത്തല സെബാസ്റ്റ്യൻ കുഞ്ഞുമോൻ (75) | 12.01.2024 |
| 4. | കൊല്ലാരം സണ്ണി (57) | 11.01.2024 |
| 5. | കുളത്തിങ്കര ജോസ് കെ. ദാസ് (57) | 20.01.2024 |
| 6. | കരിപ്പാൽ ജോർജ്ജ് ജോസഫ് തോമസ് (83) | 23.01.2024 |
| 7. | മലയിൽ എം.എ. വർഗീസ് (94) | 28.01.2024 |
| 8. | മാടക്കശ്ശേരി അന്നമ്മ ജോസ് (82) | 03.02.2024 |
| 9. | കരിങ്ങട തോമസ് ആന്റണി (70) | 06.02.2024 |
| 10. | കൊച്ചീത്ര തോമസ് വർഗീസ് (78) | 08.02.2024 |
| 11. | കല്ലറയ്ക്കൽ ഫാ. ഫിലിപ്പ് (84) | 18.02.2024 |
| 12. | ചിറമുഖത്ത് ലീലാമ്മ ജോർജ്ജ് (86) | 21.02.2024 |
| 13. | മഞ്ചേരിക്കളം ത്രേസ്യാമ്മ ജേക്കബ് (82) | 24.02.2024 |
| 14. | പോളയ്ക്കൽ ലീലാമ്മ സെബാസ്റ്റ്യൻ (75) | 25.02.2024 |
| 15. | പൂവത്തുംമൂട്ടിൽ റോസിലിന്റ് മാത്യു (69) | 26.02.2024 |
| 16. | കൂടത്തിങ്കൽ മാത്യു ജോസഫ് (72) | 06.03.2024 |
| 17. | താഴത്തുപറമ്പിൽ റ്റി.വി. തോമസ് (81) | 07.03.2024 |
| 18. | പുല്ലുകാട്ടുപറമ്പിൽ ഔസേഫ് വർഗീസ് (67) | 17.03.2024 |

## സ്നേഹസ്മരണയ്ക്ക്



കെ.പി. അന്തോനിച്ചൻ



പൊന്നമ്മ ആന്റണി

കരിങ്ങട, ചങ്ങനാശേരി

# സ്നേഹസ്മരണയ്ക്ക്





**പി.കെ. അഗസ്റ്റിൻ**

മരണം: 02.12.1964

**മറിയാമ്മ അഗസ്റ്റിൻ**

മരണം: 15.01.1990





**അന്തോനിച്ചൻ**

മരണം: 10.5.1954

**അന്നമ്മ ആന്റണി**

മരണം: 25.4.2020

**കാവാലം, പുതുപ്പറമ്പിൽ**

കാവാലം നഗർ, കവല, ചങ്ങനാശ്ശേരി

മഴയത്തും വെയിലത്തും
40 വർഷമായി ഒരു കുടക്കീഴിൽ
26.01.1984 – 26.01.2024



ഫ്രാൻസിസ് & എത്സമ്മ
ആന്റോസ് ഫർണിച്ചർ, ചങ്ങനാശേരി
ഫോൺ: 98470 51678





Looks good on you.



THOPPIL
JEWELLERY

| CENTRAL JUNCTION, CHANGANACHERRY.